# താമരമൊട്ടുകൾ

വാല്യം 27 | ഡിസംബർ 2025 | ലക്കം 12 | Price ₹20



താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# Bishop's Programme

## December 2025

| | | |
|---|---|---|
| 01 | 06.30 | Pullurampara |
| | 10.00 | Thamarassery |
| | 15.00 | Thiruvambady |
| 02 | 06.30 | Korangad |
| | 10.00 | Thamarassery |
| | 15.00 | Mariyapuram |
| 03 | 10.30 | Thamarassery |
| 04 | 10.00 | Thiruvambady |
| | 14.30 | Erude |
| | 17.00 | Kodanchery |
| | 19.00 | Vellimadukunnu |
| 05 | 15.00 | Koorachundu |
| | 17.30 | Chembanoda |
| | 21.00 | Thamarassery |
| 06 | 06.30 | Thamarassery |
| | 14.00 | Vilakkamthode |
| | 18.00 | Oorakam |
| 07 | 07.00 | Vilakkamthode |
| 08 | 07.00 | Valavayal |
| | 18.00 | Puthuppady |
| 09 | | Office Day |
| 11-12 | | Eranakulam |
| 14 | 07.00 | Manjuvayal |
| 16 | 15.00 | Thamarassery |
| 17 | 10.30 | Thamarassery |
| | 14.30 | Kadalundi |
| | 17.00 | Kozhikode |
| 18 | 17.30 | Korangad |
| 19 | 10.00 | Kulathuvayal |
| | 16.00 | Kozhikode |
| | 18.00 | Thiruvambady |
| | 19.00 | Thamarassery |
| | 21.00 | Korangad |
| 20 | 11.00 | Thamarassery |
| | 12.00 | Omassery |
| | 17.30 | Vellimadukunnu |
| 21 | 07.00 | Manjeri |
| | 18.30 | Kottooly |
| 22 | 10.30 | Thamarassery |
| 23 | | Office Day |
| 24 | | Office Day |
| 25 | 12.05 | Thamarassery |
| 26 | 09.15 | Koorachundu |
| | 18.30 | Korangad |
| 27 | 09.15 | Thiruvambady |
| | 11.55 | Thottumukkam |
| | 17.00 | Nooramthode |
| | 19.00 | Kodanchery |
| 28 | 10.00 | Thamarassery |
| | 15.00 | Augastianmuzhy |
| 29 | 09.15 | Vettathur |
| | 17.30 | Thamarassery |
| 30 | 09.15 | Kodanchery |
| | 14.30 | Thamarassery |
| | 18.00 | Kattullamala |
| 31 | 09.15 | Punnakkal |
| | 12.00 | Kuppayakode |

വാല്യം 27 താമരമൊട്ടുകൾ ഡിസംബർ 2025 ലക്കം 12

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



**"ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു"**

**ലൂക്കാ 2 : 11**

# നവ സന്യാസിനിമാർക്ക് താമരശ്ശേരി രൂപതയുടെ

## അഭിനന്ദനങ്ങൾ .... പ്രാർത്ഥനകൾ....



സി. അമൽഡ തൈലയിൽ FHGS



സി. ഏയ്ഞ്ചൽ മരിയ MSMI



സി. ആഞ്ചല ജോസഫ് MSMI



സി. ഏയ്ഞ്ചൽ റോസ് MSMI



താമരശ്ശേരി രൂപതയ്ക്കുവേണ്ടി
തിരുപ്പട്ടം സ്വീകരിക്കുന്നവർ
26 DECEMBER 9.15 AM
ഡീ. ജോൺ (എഡ്വിൻ)
കോനുക്കുന്നേൽ
കൂരാച്ചുണ്ട്
DECEMBER 27 9.15 AM
ഡീ. ജോസഫ് (നവീൻ)
പുറത്തൂട്ട്
തിരുവമ്പാടി
29 DECEMBER 9.15 AM
ഡീ. സെബാസ്റ്റ്യൻ (സെബിൻ)
തോട്ടമറ്റത്തിൽ
വെട്ടത്തൂർ
DECEMBER 30 9.15 AM
ഡീ. ജോസഫ് (അലൻ)
പോത്തനാമുഴിയിൽ
കോടഞ്ചേരി
31 DECEMBER 9.15 AM
ഡീ. സെബാസ്റ്റ്യൻ (ജറാൾഡ്)
പല്ലാട്ട്
വിളക്കാംതോട്
JANUARY 1 9.15 AM
ഡീ. ജോസഫ് (സാവിയോ)
മലമ്പേൽ
പൂതംപാറ
2 JANUARY 9.15 AM
ഡീ. മാത്യു (അരുൺ)
തുറവയ്ക്കൽ
കണ്ണോത്ത്

# ഇതളുകൾ വിരിയുമ്പോൾ


1. ആശംസകൾ ........ 846
2. പ്രോഗ്രാം ഡിസംബർ 2025 ........ 847
3. സർക്കുലർ ........ 848
4. സർക്കുലർ 27/2025, ക്രിസ്തുമസ് ........ 852
5. മരിയഭക്തിക്കൊരു മാർഗരേഖ ........ 856
6. സർക്കുലർ 26/2025, റൂബി ജൂബിലി- നവംബർമാസം ........ 862
7. കച്ചേരിക്കാര്യം ........ 863
8. Order No. 408 /2025 ........ 865
9. പാവനസ്മരണയ്ക്ക് ........ 866
10. ആദരാഞ്ജലികൾ ........ 867
11. വിശ്വാസപരിശീലനം ........ 868
12. ബൈബിൾ അപ്പോസ്തോലേറ്റ് ........ 872
13. ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം ........ 872
14. മദ്ബഹ ശുശ്രൂഷാസംഘം (സ്മാർട്ട്) ........ 875
15. സെമിനാരി വാർത്തകൾ ........ 875
16. കെസിവൈഎം- എസ്എംവൈഎം ........ 876
17. പ്രവാസി അപ്പോസ്തോലേറ്റ് ........ 878
18. മാതൃവേദി ........ 879
19. കുടുംബകൂട്ടായ്മ ........ 880
20. ബഥാനിയ ധ്യാനകേന്ദ്രം ........ 881
21. സ്റ്റാർട്ട് ........ 883
22. ജീസസ് ഫ്രട്ടേണിറ്റി........ 885
23. പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് ........ 885
24. വികസനവേദി, ........ 886
25. ലീഡർഷിപ്പ് ഡെവലപ്മെന്റ് സൊസൈറ്റി ........ 890
26. ഇൻഫാം ........ 993
27. സെന്റ് അൽഫോൻസ ടൂർസ്- പിൽഗ്രീമേജ്സ് ........ 993
28. കരുണാഭവൻ ........ 894
29. യേശുനിധി ........ 995
30. അജപാലനകുറിപ്പുകൾ ........ 896
31. വിഷയവിവരം ........ 899

# Birthday Greetings

Rev. Fathers

| | | |
|---|---|---|
| Mukaleparambil Joseph | **December** | 1 |
| Kiliyananickal James | | 1 |
| Kochukaipayil Thomas | | 1 |
| Karakatt Sebastian | | 2 |
| Vallopilly Abraham | | 3 |
| Thekkekkaramattathil Mathew | | 4 |
| Palakeel Kuriakose | | 8 |
| Chennamkulath Benedict | | 10 |
| Ponganpara Cheriyan | | 11 |
| Pennaparambil Jose | | 12 |
| Kalapurackal George | | 15 |
| Muthalakuzhiyil Joseph | | 18 |
| Vellackakudiyil George | | 18 |
| Vettukallel Joseph | | 18 |
| Varikkassery George | | 21 |
| Thannickal Kurian | | 23 |
| Thittayil Jacob | | 24 |
| Palathumthalakal Augustine | | 25 |
| Kottackal Mathew | | 26 |
| Nagaparambil Thomas | | 27 |
| Pulinchuvattil Abraham | | 28 |
| Kizhukkarakattu Danties | | 29 |
| Chirathalackal Joseph | | 31 |
| Kadukanmakkel Geo | | 31 |

# Feast Day Greetings

| | |
|---|---|
| Kalariparambil John | 27 |
| Moolayil John | 27 |
| Pazhukunnel Johnson | 27 |
| Oravankara John | 27 |
| Pallickavayalil John | 27 |

**Mar Remigiose Inchananiyil**

## പ്രോഗ്രാം ഡിസംബർ 2025

| | | |
|---|---|---|
| 01 | തിങ്കൾ | ഇരുപത്തഞ്ച് നോമ്പാരംഭം |
| 03 | ബുധൻ | **വി. ഫ്രാൻസീസ് സേവ്യർ** |
| 06 | ശനി | **ചരമദിനം: മോൺ. ആന്റണി കൊഴുവനാൽ (2023)** |
| 08 | തിങ്കൾ | **പരി. കന്യകാമറിയത്തിന്റെ അമലോത്ഭവത്തിരുന്നാൾ** |
| 13 | ശനി | കുരിശിന്റെ വി. യോഹന്നാൻ (ഡിസംബർ 14) |
| 18 | വ്യാഴം | മൈലാപ്പൂരിലെ അത്ഭുത സ്ലീവാ |
| 18 | | **ചരമദിനം: ഫാ. എഫ്രേം പൊട്ടനാനിക്കൽ (2024)** |
| 24 | ബുധൻ | **ചരമദിനം: ഫാ. ജോർജ് തടത്തിൽ (1998)** |
| 25 | വ്യാഴം | **ക്രിസ്തുമസ്** |
| 26 | വെള്ളി | വി. എസ്തപ്പാനോസ് |
| 27 | ശനി | വി. യോഹന്നാൻ ശ്ലീഹാ |
| 28 | ഞായർ | കുഞ്ഞിപ്പൈതങ്ങൾ |
| 29 | തിങ്കൾ | **ചരമദിനം: ഫാ. ജോസഫ് കാളക്കുഴി (2018)** |
| 31 | ബുധൻ | വർഷാവസാനം |

Ref: 4154/K-5/KCBC/OL/DS

# ബൈബിൾ പാരായണമാസവും ബൈബിൾ ഞായറാചരണവും സംബന്ധിച്ച് കെ. സി. ബി. സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ക്രിസ്തുവിൽ പ്രിയമുള്ളവരേ,

വചനം മാംസം ധരിച്ചതിന്റെ, 2025 ലെ ജൂബിലിയുടെ നിറവിലാണ് ആഗോളസഭ. ഡിസംബർ മുഴുവനും ബൈബിൾ പാരായണമാസമായും ഡിസംബർ 21 ബൈബിൾ ഞായറായും ആചരിച്ചുകൊണ്ട് കേരള കത്തോലിക്കാസഭ 2025 ലെ ജൂബിലിയുടെ സമാപനത്തിലേക്ക് പ്രവേശിക്കുകയാണ്. ജൂബിലി വർഷത്തി ന്റെയും ബൈബിൾ ഞായറിന്റെയും കേന്ദ്രവിഷയമായി നമ്മുടെ പരിചിന്തനത്തിന് യോഹന്നാന്റെ ഒന്നാം ലേഖനം രണ്ടാം അധ്യായം 5-ാം വാക്യം തിരഞ്ഞെടുത്തിരിക്കുന്നു: "അവന്റെ വചനം പാലിക്കുന്നവനിൽ ദൈവസ്നേഹം പൂർണത പ്രാപിച്ചിരിക്കുന്നു. നാം അവനിൽ ആയിരിക്കുമെന്ന് ഇതിൽനിന്നു നാം അറിയുന്നു."

2025 ലെ ജൂബിലിയുടെ ഒരുക്കമായി ഫ്രാൻസിസ് പാപ്പാ നൽകിയ "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" റോമ 5, 5 എന്ന ആമുഖകത്തിൽ പ്രത്യാശയെന്നത് യേശുക്രിസ്തുവാണെന്നും, അത് അവന്റെ വചനത്തിൽ അധിഷ്ഠിതമാണെന്നും ആ വചനത്തോടു ചേർന്നുനിൽക്കലാണ് ഈ കാലഘട്ടത്തിന്റെ ആവശ്യമെന്നും പ്രബോധിപ്പിക്കുന്നു. ഫ്രാൻസിസ് പാപ്പായുടെ അവസാനത്തെ ഔദ്യോഗിക പ്രബോധനമായ "അവൻ നമ്മെ സ്നേഹിച്ചു" *(Dilexit nos)* എന്ന ചാക്രികലേഖനം ദൈവസ്നേഹാനുഭവത്തിൽ കേന്ദ്രീകൃതമാണ്. അതിന്റെ തുടർച്ചയെന്നോണം ലെയോ പതിനാലാമൻ പാപ്പായുടെ "ഞാൻ നിന്നെ സ്നേഹിച്ചു" *(Dilexi te)* എന്ന ആദ്യത്തെ അപ്പസ്തോലിക പ്രബോധനത്തിലൂടെ മനുഷ്യസ്നേഹം ഒരുവനിൽ ദൈവം വസിക്കുന്നതിന്റെ അടിസ്ഥാനവും ക്രൈസ്തവ ധാർമിക ദൗത്യവുമാണെന്നു പ്രഖ്യാപിക്കുന്നു. മേൽസൂചിപ്പിച്ച മൂന്ന് പ്രബോധനങ്ങളെയും കൂട്ടിയിണക്കുന്ന സുവർണ നൂലാണ് 1 യോഹ 2, 5. വചനവും, ദൈവസ്നേഹവും, മനുഷ്യസ്നേഹവും (കൂട്ടായ്മ) ഈ വചനഭാഗത്തിന്റെ കേന്ദ്രവിഷയങ്ങ

ളാണ്. യഥാർഥ സമ്പത്ത് പണമോ അധികാരമോ ഭൗതികവസ്തുക്കളോ അല്ല, മറിച്ച് ദൈവവുമായുള്ള ഐക്യമാണ്. ദൈവവചനമാണ് യഥാർഥ സമ്പത്ത് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നത്; അത് നമ്മെ നമ്മുടെ അയൽക്കാരിലേക്കു, ഏറെ പ്രത്യേകിച്ച് പാർശ്വവത്ക്കരിക്കപ്പെട്ടവരിലേക്കു, തിരിയാനുള്ള മാർഗദർശിയാണ്.

ദൈവവചനത്തോടു ചേർന്ന് നിൽക്കുന്നവരിൽ ദൈവം ആയിരിക്കുന്നു വെന്നും ത്രിത്വത്തിന്റെ കൂട്ടായ്മയിൽ അവർ പങ്കുചേരു മെന്നും 1 യോഹന്നാൻ 2, 5 ൽ ഊന്നിപ്പറയുന്നു: "നാം അവനിൽ ആയിരിക്കും". "എസ്മെൻ" എന്ന ഗ്രീക്ക് പദത്തിനർഥം കൂടെയായിരിക്കുക, കൂടെ വസിക്കുക എന്നാണ്. കൂടെ നടക്കുന്ന കൂട്ടായ്മയുടെ (synodality), അനുഭവമാണ് "ഞാൻ നിന്നെ സ്നേഹിച്ചു" എന്ന തിരുവെഴുത്തിലൂടെ ലെയോ പാപ്പാ ലക്ഷ്യം വച്ചത്. തന്റെ ലേഖനത്തെയും തന്റെ മുൻഗാമിയുടെ ലേഖനത്തെയും ചേർത്ത് ലെയോ പാപ്പാ എഴുതുന്നു: "ഫ്രാൻസിസ് പാപ്പാ 'അവൻ നമ്മെ സ്നേഹിച്ചു' (DN) എന്ന ചാക്രിക ലേഖനത്തിൽ പ്രതിപാദിച്ചത് യേശുക്രിസ്തുവിന്റെ ഹൃദയത്തിന്റെ മാനുഷികവും ദൈവികവു മായ സ്നേഹത്തിന്റെ അക്ഷയരഹസ്യമാണ്. അതിൽ 'സമൂഹ ത്തിലെ ഏറ്റവും താഴ്ന്ന ശ്രേണിയിലുള്ളവരുമായി' യേശു എപ്രകാരം താദാത്മ്യപ്പെട്ടു എന്നും നാം കാണുകയുണ്ടായി; അതുപോലെതന്നെ അവസാനംവരെ ചൊരിയപ്പെട്ട അവന്റെ സ്നേഹംവഴി എപ്രകാരം അവൻ ഓരോ മനുഷ്യ വ്യക്തിയുടെയും മാഹാത്മ്യം, ഏറെ പ്രത്യേകിച്ച് അവർ ദുർബലരും പരിഹസിതരും സഹിക്കുന്നവരും ആയിരിക്കുമ്പോഴുള്ള മാഹാത്മ്യം, ഉറപ്പി ക്കുന്നു എന്ന് നാം കാണുന്നു. ക്രിസ്തുവിന്റെ സ്നേഹം നാം ധ്യാനവിഷയമാക്കുമ്പോൾ മറ്റുള്ളവരുടെ സഹനങ്ങളിലും ആവശ്യങ്ങളിലും അവരോട് കൂടുതൽ കരുതൽ ഉള്ളവരാകാനും തന്റെ വിമോചനത്തിന്റെ പ്രവൃത്തിയിൽ പങ്കുചേരുന്ന പ്രയത്ന ങ്ങൾ വഴിയായി തന്റെ സ്നേഹം പ്രചരിപ്പിക്കുന്ന ഉപകരണങ്ങ ളാകുവാനും നാം പ്രേരിതരാകുന്നു" (J.2).

എല്ലാവർക്കും എന്നും പ്രത്യാശ പകരുന്ന യേശുക്രിസ്തുവിന്റെ വചനത്തിലേക്ക് എല്ലാവരെയും അടുപ്പിക്കുന്നതിനുള്ള ശുശ്രൂഷകളിൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പസ്തോലേറ്റുകൾക്കും നിർണായകമായ പങ്കാണ് വഹിക്കാനുള്ളത്. ദൈവവചനമാണ് ഈ കാല ഘട്ടത്തിന്റെ ഉത്തരമെന്ന ആപ്തവാക്യം മനസ്സിൽ ഉരുവിട്ട് ഈ ജൂബിലി

വർഷത്തിലെ ബൈബിൾ പാരായണത്തിലേക്കും ബൈബിൾ ഞായറിലേക്കും നമുക്ക് പ്രവേശിക്കാം. ദൈവം കൂടെ വസിക്കുന്നുവെന്ന ദൈവസ്നേഹാനുഭവത്തിലേക്ക് ദൈവവചന പാരായണമാസത്തിലൂടെ നമുക്ക് വളരാം. ഈ സ്നേഹാനുഭവം എല്ലാവരേയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും, കൂട്ടായ്മയിലേക്കും നമ്മെ നയിക്കട്ടെ.

## കേരളകത്തോലിക്കാ സഭയും ബൈബിൾ ശുശ്രൂഷയും

കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും ചേർന്ന് വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. വചന നിറവിലേക്ക് കേരള സഭയെ നയിക്കുന്നതിനായി ഈ ജൂബിലി വർഷത്തിൽ വൈവിധ്യമാർന്ന ബൈബിൾ ശുശ്രൂഷകൾ ഫലപ്രദമായി ചെയ്തുവരുന്നു. പിഒസി ബൈബിൾ (RPOC) സമ്പൂർണമായി പരിഷ്ക്കരിച്ച് ജൂബിലിയുടെ സമ്മാനമായി കേരളസഭാ മക്കൾക്കായി സമർപ്പിക്കാനും, വിപുലമായി പ്രസിദ്ധീകരിക്കാനും കഴിഞ്ഞത് അഭിമാനാർഹമായ ചരിത്രനേട്ടമാണ്. ലക്ഷങ്ങൾ പങ്കെടുക്കുന്ന ലോകത്തിലെത്തന്നെ ഏറ്റവും വലിയ ക്വിസ് പ്രോഗ്രാമായ ലോഗോസ് ക്വിസ്സിന്റെ 25-ാം വർഷത്തിലാണ് നമ്മൾ. ബൈബിൾ പഠനം എല്ലാവരിലേക്കും എത്തിക്കുന്നതിന്റെ ഭാഗമായി കുടുംബങ്ങൾക്കായി ഫാമിലി ലോഗോസും കേൾവി ബുദ്ധിമുട്ടുള്ളവർക്കുവേണ്ടിയുള്ള പ്രത്യേക ലോഗോസ് പരീക്ഷയും ഉൾചേർത്ത് ലോഗോസ് ക്വിസ് വിപുലമാക്കിയിട്ടുണ്ട്. മലയാളം ബൈബിളിന്റെ ശ്രവ്യരൂപവും, കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി സൈൻബൈബിളും ഇന്ന് നമുക്ക് ലഭ്യമാണ്. ആഴത്തിൽ ബൈബിൾ വിജ്ഞാനംപകരുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിലെ അംഗത്വം 14000 കടന്നു. ബൈബിളിലെ വിവിധ പുസ്തകങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന യുട്യൂബ് - വീഡിയോ ക്ലാസ്സുകൾ ഓൺലൈനിൽ ലഭ്യമാണ്. വചനനിറവിനായി ബൈബിൾ ക്ലാസ്സുകളും ബൈബിൾ ആധ്യാത്മിക പരിശീലന കോഴ്സുകളും ഫലപ്രദമായി നടക്കുന്നു. ബൈബിൾ അഖണ്ഡ പാരായണവും, വചനമെഴുത്തും ഒരു ആധ്യാത്മിക ചര്യയായി വളർത്താനുള്ള പരിശ്രമങ്ങൾ ചെയ്തുവരുന്നു. ഓരോ കുടുംബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഇതിനകം സാധ്യമായിട്ടുണ്ട്. ഓരോ വ്യക്തിക്കും ഓരോ ബൈബിൾ എന്ന ലക്ഷ്യത്തിലേക്ക് ഇപ്പോൾ നാം മുന്നേറുക യാണ്. വചനചൈതന്യം സജീവമായി നിറഞ്ഞുനില്ക്കുന്ന

കേരളസഭ ആഗോളസഭയ്ക്ക് മാതൃകയും പ്രചോദനവുമാണ്. പി.ഒ.സി. ബൈബിൾ ആപ്ലിക്കേഷനും, ഓഡിയോ ബൈബിളും കൂടുതൽ പ്രചാരത്തിലെത്തിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് താല്പര്യപ്പെടുന്നു. ഭവനങ്ങളിലും യാത്രകളിലും ഓഡിയോ ബൈബിൾ ശ്രവിക്കുന്ന ശീലം വളർത്താൻ എല്ലാവരെയും പരിശീലിപ്പിക്കണം.

ഡിസംബർ 21-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടുംകൂടെ സമുചിതമായി ആചരിക്കാൻ നിങ്ങളെ ക്ഷണിക്കുന്നു. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെയും രൂപതാ ബൈബിൾ അപ്പോസ്തോലേറ്റിന്റെയും ശുശ്രൂഷകൾക്കുവേണ്ടി ബൈബിൾ ഞായറാഴ്ച ദിവ്യബലി മധ്യേ ലഭിക്കുന്ന സംഭാവന രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്നും അഭ്യർഥിക്കുന്നു.

ദൈവവചന പ്രചാരണ - പ്രഘോഷണപ്രവർത്തനങ്ങളിലൂടെ പ്രത്യാശയുടെ തീർഥാടകരായി രൂപാന്തരപ്പെടുവാനും ദൈവ വചനത്തിലേക്ക് എല്ലാവരേയും നയിക്കാനും നമുക്ക് സാധിക്കട്ടെ എന്ന് പ്രാർഥിച്ചുകൊണ്ടും, ദൈവസ്നേഹാനുഭവത്തിലേക്കും എല്ലാവരെയും ഉൾക്കൊള്ളുന്ന പരസ്നേഹത്തിലേക്കും കൂട്ടായ്മയിലേക്കും നമ്മെ ക്ഷണിക്കുന്ന മനുഷ്യാവതാരത്തിരുന്നാളിന്റെ പ്രാർഥനാശംസകൾ നേർന്നുകൊണ്ടും,

സ്നേഹാദരങ്ങളോടെ,

✠ **ബിഷപ് റൈറ്റ് റവ. ഡോ. ജെയിംസ് ആനാപറമ്പിൽ**
(ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ)

✠ **ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ)

✠ **ബിഷപ് മാർ ജോൺ നെല്ലിക്കുന്നേൽ**
(വൈസ് ചെയർമാൻ)

---

*2025 ഡിസംബർ 21-ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*

സർക്കുലർ 27/2025

# ക്രിസ്തുമസ്

മിശിഹായിൽ ഏറ്റവും സ്നേഹമുള്ള വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ, വത്സലകുഞ്ഞുങ്ങളേ,

തിരുപ്പിറവിയുടെ ആനന്ദം സ്വന്തമാക്കാനുള്ള പ്രാർഥനാ പൂർണ്ണമായ ഒരുക്കത്തിന്റേയും സുകൃതജീവിതത്തിന്റേയും മംഗളവാർത്തക്കാലത്തേക്ക് ഇന്ന് നാം പ്രവേശിക്കുകയാണല്ലോ. വാഗ്ദാനപൂർത്തിയുടെ അനുസ്മരണവും ആഘോഷവും നൽകുന്ന അനുഗ്രഹങ്ങളെ ആത്മശരീര വിശുദ്ധിയോടെ സ്വീകരി ക്കാൻ നമുക്ക് ഒരുങ്ങാം.

മിശിഹായുടെ തിരുപ്പിറവിയുടെ ജൂബിലിവത്സരമായിരുന്നല്ലോ 2025-ാം ആണ്ട്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി കഴിഞ്ഞുപോയ നാളുകളിൽ നാം വിചിന്തനം നടത്തുകയും നവീകരിക്കപ്പെടുകയും ചെയ്തു. ജൂബിലിവർഷത്തിന്റെ ഔപചാരികമായ സമാപനം ഡിസംബർ 28-നാണ് നമ്മുടെ രൂപതയിൽ ക്രമീകരിച്ചിരിക്കുന്നത്. "നമ്മുടെ കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുന്നാൾ ദിനമായ 2026 ജനുവരി ആറിന് വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ വിശുദ്ധകവാടം അടയ്ക്കുമ്പോൾ സാധാരണ ജൂബിലി വർഷം സമാപിക്കുകയും ചെയ്യും" *(പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല,7).* നവചൈതന്യത്തിലേക്ക് ആഗോള സഭക്കൊപ്പം നാം നടത്തിയ തീർഥാടനത്തിന്റെ ഓർമകളിൽ ദൈവകുമാരനെ സ്വീകരിക്കാൻ നമുക്ക് ഒരുങ്ങാം.

"വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു - കൃപയും സത്യവും നിറഞ്ഞതും പിതാവിന്റെ ഏകജാതന്റേതുമായ മഹത്വം" (യോഹ 1, 14) ഈശോയുടെ ശൈശവവും ബാല്യവും വിവരിക്കുന്ന തിരുവചനത്തെ ധ്യാനിക്കു കയും രക്ഷാകരസംഭവങ്ങളെ അർപ്പണമനോഭാവത്തോടെ അനു സ്മരിക്കുകയും ചെയ്യുന്ന സമയമാണ് മംഗളവാർത്തക്കാലം. സുറിയാനി ഭാഷയിൽ 'സുവാറ' എന്നാണ് മംഗളവാർത്ത ക്കാലത്തിന്റെ പേര്. 'പ്രഖ്യാപനം', 'അറിയിപ്പ്' എന്നൊക്കെയാണ് സുവാറ എന്ന പദത്തിന്റെ അർഥം.'അത്യുന്നതങ്ങളിൽ

ദൈവത്തിന് മഹത്വം, ഭൂമിയിൽ ദൈവകൃപ നിറഞ്ഞവർക്ക് സമാധാനം' (ലൂക്കാ 2, 14) എന്ന മാലാഖമാരുടെ കീർത്തനങ്ങളോടെയാണ് ലോകം നൂറ്റാണ്ടുകളായി ശ്രവിക്കാൻ കാത്തിരുന്ന മംഗളവാർത്ത ഭൂമിയെ ആശ്ലേഷിച്ചത്. കാലിത്തൊഴുത്തിൽ ദിവ്യപൈതലിനെ കുമ്പിട്ടാരാധിച്ച ആട്ടിടയൻമാരുടെ ഹൃദയം സ്വർഗീയാനന്ദത്തിൽ നിറഞ്ഞു. പരിധികളില്ലാതെ ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന സന്തോഷമാണ് തിരുപ്പിറവി ലോകത്തിന് നൽകുന്ന സമ്മാനം! സമൂഹത്തിലും സഭയിലും കുടുംബങ്ങളിലും വ്യക്തിപരമായും ഉണ്ണിശോ നൽകുന്ന കൃപാസമൃദ്ധമായ സന്തോഷം അനുഭവ വേദ്യമാകട്ടെ എന്ന് പ്രാർഥിക്കുന്നു.

മനുഷ്യാവതാരം ചെയ്ത തിരുവചനം അൾത്താരയിൽ പിറവി യെടുക്കുന്നതാണല്ലോ വിശുദ്ധ കുർബാന. ഉണ്ണീശോയുമായുള്ള സ്നേഹസംഭാഷണത്തിൽനിന്ന് ഹൃദയത്തിൽ സന്തോഷം തിരതല്ലുന്ന തായിരിക്കണം നമ്മുടെ ബലിയർപ്പണങ്ങൾ. 'നമുക്കെല്ലാവർക്കും സന്തോഷത്തോടും ഭക്തിയോടും കൂടെ നിന്ന് വി. ബലിയിൽ പങ്കുചേരാം' എന്ന കാറോസൂസ പ്രാർഥന ഹൃദയ നൈർമല്യത്തോടൊപ്പം എത്രമാത്രം ആത്മീയാനന്ദത്തോടെ വി. കുർബാനയിൽ നാം പങ്കുചേരേണ്ടതാണെന്ന് ഓർമിപ്പിക്കുന്നു. പിറവിത്തിരുന്നാളിന് ഒരുക്കമായി നോമ്പെടുത്ത് ഇരുപത്തിയഞ്ച് ദിവസം സാധിക്കുന്നവരെല്ലാം അനുദിനബലിയിൽ പങ്കുചേരു കയും മനുഷ്യാവതാരം ലോകത്തിന് പ്രദാനം ചെയ്യുന്ന ആത്മ സന്തോഷം അനുഭവിക്കാൻ പരിശ്രമിക്കുകയും ചെയ്യണമെന്ന് സ്നേഹപൂർവം ഞാൻ അഭ്യർഥിക്കുന്നു. ഉണ്ണീശോയെ വരവേൽക്കാനുള്ള ആത്മീയ ഒരുക്കത്തോടൊപ്പം വീടുകളിലും സ്ഥാപനങ്ങളിലും പുൽക്കൂടൊരുക്കിയും നക്ഷത്ര വിളക്കുകൾ സ്ഥാപിച്ചും ലോകത്തിന് രക്ഷയുടെ സദ്വാർത്ത പകരാൻ നാം ശ്രദ്ധിക്കണം. മദ്യവും മയക്കുമരുന്നുകളും മറ്റ് സാമൂഹ്യ തിൻമകളും സൃഷ്ടിക്കുന്ന തിൻമയുടെ ബന്ധനങ്ങളിൽ നിന്ന് മോചിതരാകാനും മംഗളവാർത്തക്കാലത്ത് നാം അത്മാർഥമായി പരിശ്രമിക്കേണ്ടതാണ്.

കാലിത്തൊഴുത്തിനെ ജന്മഗേഹമായി തെരഞ്ഞെടുത്തുകൊണ്ട് ദാരിദ്ര്യത്തെ പുൽകിയവനാണ് മിശിഹ. ഈജിപ്തിലും ഗലീലിയ യിലും അലഞ്ഞ ശൈശവവും ബാല്യവും അരക്ഷിതവും സങ്കീർണ്ണവുമായ ജീവിതമാണ് സകലത്തിന്റെയും ഉടയവനു നൽകിയത്. വി. പൗലോസ് ശ്ലീഹ നമ്മെ ഓർമിപ്പിക്കുന്നു, "നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ

നിങ്ങൾക്കറിയാമല്ലോ. അവൻ സമ്പന്നനായിരുന്നിട്ടും നിങ്ങളെപ്രതി ദരിദ്ര നായി-തന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നരാകാൻവേണ്ടി ത്തന്നെ" (2 കോറി 8, 9).

നിസാരതയെയും പരിമിതികളെയും പുൽകിയ മനുഷ്യാവതാരം ദരിദ്രരോടും പരാജിതരോടുമുള്ള പക്ഷംചേരൽ കൂടിയായിരുന്നു. 'ഞാൻ നിന്നെ സ്നേഹിച്ചു' എന്ന പ്രഥമ ചാക്രിക ലേഖനത്തിലൂടെ ലെയോ പതിന്നാലാമൻ മാർപാപ്പ നമ്മെ പഠിപ്പിക്കുന്നു, "ദരിദ്രനായ മിശിഹായായി മാത്രമല്ല, ദരിദ്രരിൽ നിന്നുള്ള, ദരിദ്രർക്കുവേണ്ടിയുള്ള മിശിഹായായിട്ടുകൂടിയാണ് അവിടുന്ന് ലോകത്തിന് സ്വയം സംലഭ്യനായത്" (ന.19).

"കർത്താവിന്റെ ആത്മാവ് എന്റെ മേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" (ലൂക്ക 4,18) എന്ന തിരുവചനം, ക്രൈസ്തവർക്ക് നല്കപ്പെട്ടിരിക്കുന്ന സവിശേഷമായ കൃപയെപ്പറ്റി ബോധവന്മാരാക്കുന്നു. നാം ഉൾപ്പെടുന്ന സമൂഹത്തിലെ ദുർബലർക്കും പരാജിതർക്കും സ്നേഹസാമിപ്യം നല്കാനുള്ള വിളിയാണ് ഉണ്ണീശോ നല്കുന്ന അഭിഷേകത്തിന്റെ സവിശേഷത. ദരിദ്രർക്കു നല്കേണ്ട ശ്രദ്ധ വെറുമൊരു സാമൂഹികാവശ്യമല്ല, മറിച്ച് രക്ഷയ്ക്കുള്ള ഉപാധിയാണ് എന്ന് പൗരസ്ത്യ സഭാപിതാവായ വി. ജോൺ ക്രിസോസ്തം പഠിപ്പിക്കുന്നു (ന. 42). സഹാനുഭൂതിയോടെ ഇടപെടുന്നവൻ 'സ്വർഗത്തിൽ നിധി കരുതിവയ്ക്കുന്നു' (മത്താ 19, 21). ദരിദ്രരിൽ ക്രിസ്തുവിന്റെ മുഖവും ഭൗതികവസ്തുക്കളെ കാരുണ്യത്തിന്റെ ഉപകരണവുമായി നമുക്ക് സ്വീകരിക്കാം. നമ്മിൽ ഏറ്റവും ചെറിയവരിൽ ഒരുവന്റെ ശരീരത്തെ സ്പർശിക്കുമ്പോൾ മാത്രമേ സുവിശേഷം ശരിയായ രീതിയിൽ പ്രഘോഷിക്കപ്പെടുകയുള്ളൂ എന്ന് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ ഉദ്ബോധിപ്പിക്കുന്നു (ന. 48). രോഗികളെയും ദുരിതം അനുഭവി ക്കുന്നവരെയും പരിചരിക്കുന്നതിലൂടെയും വയോധികരെ ശ്രവിക്കുന്നതിലൂടെയും ശുശ്രൂഷിക്കുന്നതിലൂടെയും ബത്ലേഹ മിൽ ദാരിദ്ര്യത്തെ പുൽകിയ ക്രിസ്തുവിന്റെ ശരീരത്തെ സ്പർശി ക്കുന്ന സഭാത്മകമായ പ്രവൃത്തിയിലേക്കാണ് മംഗളവാർത്ത ക്കാലത്ത് നാം വളരുന്നത്. ഇടവക, കുടുംബകൂട്ടായ്മകൾ എന്നിവയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ട് ക്രിസ്തുമസിന്റെ സന്തോഷം അവരുമായി പങ്കുവയ്ക്കാനും നമുക്ക് തയാറാകാം.

തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പും വരുംനാളുകളിൽ നടക്കുകയാണല്ലോ. വോട്ടവകാശം രേഖപ്പെടുത്തുക എന്നത് ഓരോ വ്യക്തിയുടെയും പൗരധർമ്മമാണ്. നാടിന്റെ വികസനത്തിനും ജനങ്ങളുടെ ഐക്യത്തിനും പ്രാധാന്യം നല്കുന്നവരായിരിക്കണം നാളെ നമ്മളെ നയിക്കേണ്ടത്. ക്രൈസ്തവ വിശ്വാസത്തിന്റെ പേരിൽ തുല്യനീതി നിഷേധിക്കപ്പെട്ട് പീഡിപ്പിക്കപ്പെടുന്ന നമ്മൾ ഉൾപ്പെടെയുള്ള ധാരാളം സമൂഹങ്ങളുണ്ട്. വിവേചനങ്ങളില്ലാതെ നീതി നടപ്പിലാകണം. ധർമ്മനിഷ്ഠരായ ഭരണാധികാരികൾക്കായി പ്രാർഥിച്ച് നമുക്ക് പ്രവർത്തന നിരതരാകാം.

പ്രതിസന്ധികൾക്കും പരീക്ഷണങ്ങൾക്കുമപ്പുറം പ്രത്യാശയുടെ തിരുപ്പിറവി നമുക്ക് ആത്മബലവും അനുഗ്രഹവും ആശ്വാസവും നൽകും. ഉണ്ണീശോയുടെ വാത്സല്യത്തിലും ആർദ്രതയിലും ആശ്രയിക്കുന്ന മംഗളവാർത്തക്കാലം ജീവിത പരിസരങ്ങളെ പ്രകാശപൂരിതമാക്കട്ടെ. ഇത് കൃപാസമൃദ്ധിയുടെ അവസരമാണ്. മനുഷ്യാവതാരത്തിലൂടെ ബത്‌ലേഹമിനെ ചുംബിച്ച സ്വർഗീയ സമാധാനം സന്മനസുള്ള സകല മനുഷ്യരേയും സ്പർശിച്ച്, സ്നേഹമായ്.... ശാന്തിയായ്.... എല്ലാവരേയും സൗഖ്യപ്പെടുത്തട്ടെ.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വിശുദ്ധ യൗസേപ്പിതാവിന്റെയും രൂപത മധ്യസ്ഥയായ വിശുദ്ധ അൽഫോൻസായുടെയും പ്രാർഥന എല്ലാവരോടും കൂടെയുണ്ടായിരിക്കട്ടെ.

ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും മംഗളങ്ങൾ സ്നേഹത്തോടെ ആശംസിച്ചുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവം,

+Remigiose

**✠റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ നവംബർ 30 ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.*

Prot. No. 0787/2025

# മരിയഭക്തിക്കൊരു മാർഗരേഖ

*സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!*

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധപിതാവു ലയോ പതിനാലാമൻ മാർപാപ്പയുടെ അംഗീകാര ത്തോടെ റോമിലെ വിശ്വാസതിരുസംഘം പ്രസിദ്ധീകരിച്ച 'വിശ്വാസികളുടെ സമൂഹത്തിന്റെ മാതാവ്' (Mater Populi fidelis) എന്ന പ്രബോധനം വഴി പരിശുദ്ധ കന്യകാമറിയത്തെ സഹരക്ഷക (Co-redemptrix) എന്നു വിശേഷിപ്പിക്കുന്നതു ദൈവശാസ്ത്രപരമായി ഉചിതമല്ല എന്നും 'കൃപാവരത്തിന്റെ മാതാവ്' എന്നും 'മധ്യസ്ഥ' എന്നുമുള്ള വിശേഷണങ്ങൾ വിവേകപൂർവം ഉപയോഗിക്കണം എന്നും പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. കത്തോലിക്കാസഭ മാതാവിനു നൽകിയിരുന്ന ബഹുമാനത്തിൽനിന്നു പിന്നോട്ടു പോവുകയാണെന്നും പ്രൊട്ടസ്റ്റന്റ് ആശയങ്ങൾ അംഗീകരിക്കുക യാണെന്നുമുള്ള തെറ്റിദ്ധരിപ്പിക്കുന്ന ചർച്ചകളും വ്യാഖ്യാനങ്ങളും സാമൂഹികമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നതു നിങ്ങൾ ശ്രദ്ധിച്ചുകാണുമല്ലോ.

എന്നാൽ, പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചുള്ള തിരുസഭയുടെ അടിസ്ഥാനപ്രബോധനങ്ങളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ല എന്നു വ്യക്തമായി നാം മനസ്സിലാക്കേണ്ടതുണ്ട്. പരിശുദ്ധ അമ്മയെക്കുറിച്ചു നാലു വിശ്വാസസത്യങ്ങളാണ് തിരുസഭ ആധികാരികമായി പഠിപ്പിക്കുന്നത്. പരിശുദ്ധ കന്യകാമറിയം ദൈവമാതാവും നിത്യകന്യകയും അമലോത്ഭവയും സ്വർഗാരോപിതയുമാണ് എന്നതാണ് ആ വിശ്വാസസത്യങ്ങൾ. ഈ നാലു സത്യങ്ങളും മാറ്റമില്ലാതെ തിരുസഭ ഇന്നും പ്രഘോഷിക്കുന്നു. അതേസമയം, പരിശുദ്ധ കന്യകാമറിയത്തെ വിശേഷിപ്പിക്കാനുപയോഗിക്കുന്ന ചില പദങ്ങളിൽ കടന്നുകൂടിയിട്ടുള്ള ദൈവശാസ്ത്രപരമായ വ്യതിയാനങ്ങളെ തിരുത്താനാണ് പുതിയ പ്രബോധനരേഖ ലക്ഷ്യംവയ്ക്കുന്നത്. മനുഷ്യാവതാരം ചെയ്ത ദൈവപുത്രനു ജന്മം കൊടുക്കുക വഴി ദൈവമാതാവായ പരിശുദ്ധ കന്യകാമറിയം നമ്മുടെയും അമ്മയാണ്. മറിയത്തിന്റെ ആത്മീയ മാതൃത്വത്തോടു ചേർന്നുനില്ക്കാനുള്ള ആഹ്വാനമാണ് ഈ പ്രബോധനരേഖയുടെ ഹൃദയം.

അതോടൊപ്പംതന്നെ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കാവുന്ന ചില വിശേഷണങ്ങളെ വിവേകപൂർവം ഒഴിവാക്കാനും ഈ പ്രബോധനരേഖ ആവശ്യപ്പെടുന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് 'സഹരക്ഷക' (co-redemptrix) എന്ന വിശേഷണം

ഒഴിവാക്കാനുള്ള നിർദേശമാണ്. ഇതിനെ പുതിയൊരു നിർദേശമായി വ്യാഖ്യാനിക്കുന്നതു ശരിയല്ല. തിരുസഭ ഒരിക്കലും പരിശുദ്ധ കന്യകാമറിയം സഹരക്ഷകയാണെന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കുകയോ പഠിപ്പിക്കുകയോ ചെയ്തിട്ടില്ല. മറിയത്തോടുള്ള സ്നേഹാദരവുകൾ പ്രകടിപ്പിക്കാൻ ചില മരിയ ഭക്തർ പരിശുദ്ധ അമ്മയെ സഹരക്ഷക എന്നു വിശേഷിപ്പിച്ചിരുന്നു എന്നതു വസ്തുതയാണ്. എന്നാൽ ഈ വിശേഷണം ദൈവശാസ്ത്രപരമായി ചില തെറ്റിദ്ധാരണകൾക്കു കാരണമാകും എന്നതു ചൂണ്ടിക്കാണിക്കുകയാണ് പുതിയ പ്രബോധനരേഖ ചെയ്യുന്നത്.'മറിയം സഹരക്ഷകയാണ്' എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമം അതിൽത്തന്നെ അപൂർണമാണെന്നും മറിയത്തിന്റെ സഹായം കൂടാതെ അതു സാധ്യമാവുകയില്ലായിരുന്നു എന്നും തെറ്റിദ്ധരിക്കാനുള്ള സാധ്യതയുണ്ട്. അല്ലെങ്കിൽ ഈശോയും മറിയവും ചേർന്നാണു മനുഷ്യരക്ഷ സാധ്യമാക്കിയത് എന്നു ചിന്തിക്കാനും ഇടയായേക്കാം. മനുഷ്യകുലത്തിന്റെ രക്ഷയിൽ ഈശോ വഹിച്ച അതുല്യമായ സ്ഥാനത്തിന്റെ മഹത്വത്തിനു ഭംഗംവരുത്താൻ ഇത്തരം തെറ്റിദ്ധാരണകൾ ഇടവരുത്തിയേക്കാമെന്നുള്ളതുകൊണ്ടാണ് ഈ പരാമർശം ഒഴിവാക്കണമെന്നു പ്രബോധനരേഖ നിർദേശിക്കുന്നത്. ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ മറിയം വഹിച്ച നിർണായകമായ പങ്കിനെ പുതിയ പ്രബോധനരേഖ യാതൊരുവിധത്തിലും നിഷേധിക്കുന്നില്ല. മറിയം ദൈവഹിതത്തിനു തന്നെത്തന്നെ വിട്ടുകൊടുക്കുകയും ഈശോയുടെ അമ്മയാകാൻ സഹനപൂർവം സന്നദ്ധയാവുകയുംചെയ്തു. മറിയം 'ദൈവികപദ്ധതിയോടു സഹകരിച്ചു' എന്നതും 'സഹരക്ഷകയാണ്' എന്നതും തമ്മിൽ വ്യത്യാസമുണ്ട്. വിശ്വാസംകൊണ്ടും അനുസരണംകൊണ്ടും സ്വാതന്ത്ര്യത്തോടെ ദൈവത്തിന്റെ രക്ഷാകർമത്തിൽ സഹകാരിണിയായി എന്നതാണു പരിശുദ്ധ അമ്മയുടെ മഹത്വം.

അതുപോലെതന്നെ, മറിയത്തെ 'കൃപാവരത്തിന്റെ അമ്മ' എന്നു വിശേഷിപ്പിക്കുമ്പോൾ എല്ലാ കൃപകളും മറിയത്തിൽനിന്നാണ് ഉത്ഭവിക്കുന്നത് എന്നൊരു ധ്വനി അതിനുണ്ടാകാം എന്ന വസ്തുതയും പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നുണ്ട്. 'സകല കൃപകളു ടെയും മധ്യസ്ഥ' എന്ന പ്രയോഗവും പരിമിതികളുള്ളതാണ്. സകല കൃപകളുടെയും ഉറവിടം ദൈവം മാത്രമാണ്. ഏകജാതനായ മിശിഹാ എല്ലാ കൃപകളും വർഷിക്കുന്നത് അവിടന്നു സ്ഥാപിച്ച തിരുസഭയിലെ പരിശുദ്ധ കൂദാശകളിലൂടെയാണ്. ഈ വിശ്വാസരഹസ്യ ത്തിന്റെ സമഗ്രതയെ പരിരക്ഷിക്കാൻ 'കൃപാവരത്തിന്റെ അമ്മ' എന്ന പ്രയോഗം ഒഴിവാക്കുന്നതാണ് അഭിലഷണീയമെന്നു പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നു.

വലിയ വിവേകവും ശ്രദ്ധയും ആവശ്യമുള്ള ഒരു പ്രയോഗമാണ് 'മധ്യസ്ഥയായ മാതാവ്' എന്നത്. പരിശുദ്ധ മറിയം നമുക്കായി ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിക്കുന്നു എന്നതിൽ സംശയ മില്ല. നമുക്കുവേണ്ടി മാധ്യസ്ഥ്യം അപേക്ഷിക്കാൻ മാതാവിനു കഴിയും എന്നു പറയുന്നതും 'അവൾ മധ്യസ്ഥയാണ്' എന്നു വിശേഷിപ്പിക്കുന്നതും തമ്മിലുള്ള ദൈവശാസ്ത്രപരമായ വ്യത്യാസത്തെയാണ് പ്രബോധനരേഖ ചൂണ്ടിക്കാണിക്കുന്നത്. ദൈവത്തിനും മനുഷ്യനും ഇടയിൽ

ഏകമധ്യസ്ഥനായി ഈശോമിശിഹാ മാത്രമാണുള്ളത്. മിശിഹായുടെ ഏക മാധ്യസ്ഥ്യത്തിനു സമാനമായി മാതാവിന്റെ മാധ്യസ്ഥ്യാപേക്ഷയെ അവതരിപ്പിക്കരുത് എന്നതാണ് തിരുസഭയുടെ ബോധ്യം. ഈശോമിശിഹാ 'ഏക മധ്യസ്ഥൻ' ആയിരിക്കുന്നത് അവിടന്ന് ഒരേസമയം പൂർണ ദൈവവും പൂർണ മനുഷ്യനുമാണ് എന്നതുകൊണ്ടാണ്. ദൈവത്തിനും മനുഷ്യനും ഇടയിൽ മധ്യസ്ഥ്യത പുലർത്തുന്ന മറ്റാരുമില്ല എന്നതാണ് 'മിശിഹാ ഏക മധ്യസ്ഥൻ' എന്നതിന്റെ അർഥം. ഈ വ്യത്യാസത്തെ വ്യക്തമായി അവതരിപ്പിക്കാതെ, 'മധ്യസ്ഥ' എന്നു മറിയത്തെ വിളിക്കുന്നതു തെറ്റിദ്ധാരണകൾക്ക് ഇടവരുത്തും. ചുരുക്കത്തിൽ ദൈവത്തിന്റെ രക്ഷാകരപദ്ധതിയിൽ ഈശോമിശിഹായുടെ അതുല്യമായ അനന്യശ്രേഷ്ഠതയെ (uniqueness) ഊന്നിപ്പറയുകയാണ് ഈ പ്രബോധനരേഖയുടെ ലക്ഷ്യം. പരിശുദ്ധ മറിയത്തോടുള്ള തിരുസഭയുടെ പരമ്പരാഗതഭക്തിയെ പരിപോഷിപ്പിക്കുന്നതും ശരിയായ ദിശാബോധം നല്കുന്നതുമാണു പുതിയ പ്രബോധനരേഖ.

പരിശുദ്ധ കന്യകാമറിയം തിരുസഭയിൽ ഉന്നതമായ വണക്കത്തിനു (hyperdulia) യോഗ്യയാണ്. കുരിശിന്റെ ചുവടുവരെ ഈശോയെ അനുഗമിക്കാൻതക്ക വിശ്വാസബോധ്യവും ആത്മധൈര്യവും മറിയത്തിനുണ്ടായിരുന്നു. തന്റെ മരണത്തിനു മുൻപു കുരിശിൽവച്ച് ഈശോ വിശ്വാസികൾക്കെല്ലാം അമ്മയായി പരിശുദ്ധ മറിയത്തെ നല്കിയതാണ് (യോഹ 19, 27). തിരുസഭയുടെ മാതാവും പ്രതീകവുമാകയാൽ പരിശുദ്ധ മറിയത്തിന്റെ ജീവിതം സഭയ്ക്കു മാതൃകയും പ്രചോദനവുമാണ്. ആത്മശരീരങ്ങളോടെ പരിശുദ്ധ കന്യകാമറിയം സ്വർഗത്തിലേക്കു സ്വീകരിക്കപ്പെട്ടെങ്കിൽ മറിയത്തെ അനുകരിക്കുന്ന സഭമുഴുവനും അതേ സ്വർഗപ്രവേശനത്തിന് അർഹമാണ്. പരിശുദ്ധ അമ്മയോടുള്ള ഭക്തി പ്രകടമാക്കുന്ന ജപമാലയും നൊവേനകളും ഉത്തരീയഭക്തിയും കത്തോലിക്കാസഭയിൽ യാതൊരു മാറ്റവുമില്ലാതെ തുടരുന്നതാണ്. രക്ഷാകരപദ്ധതിയിൽ ഈശോയും മറിയവും വഹിച്ച പങ്കിനെ നിയതമായി നിർവചിക്കുന്ന ഈ പ്രബോധനരേഖയെ ദുർവ്യാഖ്യാനം ചെയ്യുന്നവരുടെ നിക്ഷിപ്ത താത്പര്യങ്ങൾക്കും തെറ്റായ പഠനങ്ങൾക്കുമെതിരേ നമ്മൾ അതീവ ജാഗ്രത പാലിക്കണമെന്നും ഓർമിപ്പിക്കട്ടെ.

പരിശുദ്ധ അമ്മയുടെ പ്രാർഥനവഴിയായി നിങ്ങളെല്ലാവരെയും ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2025-ാം ആണ്ട് നവംബർ മാസം 8-ാം തീയതി നൽകപ്പെട്ടത്.

✠ **റാഫേൽ തട്ടിൽ**

സീറോ മലബാർസഭയുടെ മേജർ ആർച്ചുബിഷപ്

*ഈ സർക്കുലർ 2025 നവംബർ 9-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ വായിക്കാൻ നൽകിയത്.*

സർക്കുലർ 26/2025

# റൂബി ജൂബിലി–നവംബർ മാസം
# മലബാർ കുടിയേറ്റ ശതാബ്ദി

മിശിഹായിൽ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീ സഹോദരന്മാരേ,

ഐതിഹാസികമായ മലബാർ കുടിയേറ്റം ആരംഭിച്ചിട്ട് 2026ൽ 100 വർഷങ്ങൾ പൂർത്തിയാവുകയാണ്. 1926 ൽ പാലക്കാട്, കോഴിക്കോട് ജില്ലകളിലാണ് ആദ്യകാല കുടിയേറ്റങ്ങൾ നടന്നത്. 1946 തുടങ്ങി 1960 വരെയുള്ള കാലയളവ് കുടിയേറ്റത്തിന്റെ മുഖ്യകാലമായി കണക്കാക്കപ്പെടുന്നു. തെക്കൻ കേരളത്തിലെ തിരുവിതാംകൂറിൽ നിന്ന് വടക്കൻ കേരളത്തിൽ ബ്രിട്ടീഷുകാർ ഭരിച്ചിരുന്ന മലബാർ പ്രദേശത്തേക്ക് ഒരു കൂട്ടം മനുഷ്യർ നടത്തിയ സാഹസിക പ്രയാണം ആയിരുന്നല്ലോ മലബാർ കുടിയേറ്റം.

യാത്രാ സൗകര്യങ്ങൾ കാര്യമായിട്ടൊന്നും ഇല്ലാതിരുന്ന കാലത്ത് കൃഷിക്ക് വേണ്ടി മണ്ണ് തേടി സാഹസികയാത്ര നടത്തിയ അവർക്ക് ലഭിച്ചത് ജന്മിമാരുടെ കൈവശം ഇരുന്ന മലനാടാണ്. വില കൊടുത്തും പാട്ടത്തിനെടുത്തും ഭൂമി സ്വന്തമാക്കിയ അവർ നേരി ടേണ്ടിവന്നത് സമാനതകളില്ലാത്ത പ്രതിസന്ധികളും വെല്ലുവിളികളും ആയിരുന്നു. കാട്ടുമൃഗശല്യം, കൃഷിനാശം, മലമ്പനി, പട്ടിണി, അടിസ്ഥാന സൗകര്യങ്ങളായ വീട്, റോഡ്, ആശുപത്രി, സ്കൂൾ, ആരാധനാലയം തുടങ്ങിയവയുടെ അഭാവം എന്നിവയെല്ലാം അവർക്ക് നേരിടേണ്ടിവന്നു. മണ്ണു മോഹിച്ചെത്തിയ ആദ്യകാല കുടിയേറ്റക്കാരിൽ കുറേ പേർ ആറടി മണ്ണിനു പോലും അവകാശ മില്ലാതെ കടന്നുപോയി.

ആദ്യകാല കുടിയേറ്റക്കാരായ നമ്മുടെ പൂർവികർ നേരിട്ട കൊടും യാതനകൾക്കൊന്നും കുടിയേറ്റത്തെ തളർത്താൻ കഴിഞ്ഞില്ല. നിശ്ചയദാർഢ്യത്തോടെ ഭാവിയെകുറിച്ചുള്ള പ്രതീക്ഷകളോടെ അവരിൽ ഭൂരിഭാഗവും വെല്ലുവിളികളെ നേരിട്ടു. സ്വന്തമായി വീടുണ്ടാക്കുന്നതിന് മുമ്പ് ഒന്നിച്ചു കൂടുവാനുള്ള ആരാധനാലയം അവർ പണിതു. അവരെ അന്വേഷിച്ചുവന്ന വൈദികരുടെ സാന്നിധ്യവും സേവനവും അവരെ ധൈര്യപ്പെടുത്തി. കോഴിക്കോട് രൂപതവഴി ഈശോ സഭാ വൈദികരുടെയും പിൽക്കാലത്ത് കർമ്മലീത്താ വൈദികരുടെയും പിന്നീട് നാട്ടുപട്ടക്കാരുടെയും നേതൃത്വം കുടിയേറ്റക്കാർക്ക് ലഭ്യമായി. റോഡുകളും പാലങ്ങളും അവർ ഒന്നുചേർന്ന് നിർമ്മിച്ചു. പള്ളിയോട് ചേർന്ന് പള്ളിക്കൂടങ്ങൾ കെട്ടിപ്പടുത്തു. പണം കൊടുത്ത് വാങ്ങിയ ഭൂമി പൊതുസ്ഥാപനങ്ങൾ ക്കായി അവർ വിട്ടുകൊടുത്തു. കാട്ടുമൃഗങ്ങൾ ഇറങ്ങിവന്ന് നിരന്തരം ശല്യം ചെയ്തിരുന്ന കൃഷിയിടങ്ങൾ കനകം വിളയിച്ചു. ഏതുതരം ഭക്ഷ്യയോൽപ്പന്നങ്ങളും സ്വന്തം ആവശ്യത്തിന് വേണ്ടി മാത്രമല്ല

പ്രദേശവാസികളായ മുഴുവൻ മനുഷ്യർക്കും വേണ്ടി ഉത്പാദിപ്പിച്ചു കൊടുക്കുവാൻ ഇവിടുത്തെ കുടിയേറ്റക്കാർക്ക് കഴിഞ്ഞു. ഇന്ന് മലബാറിന്റെ തീരപ്രദേശവും ഇടനാടും വിട്ട് മലനാട്ടിലൂടെ സഞ്ചരിക്കുമ്പോൾ നമുക്ക് കാണുവാൻ കഴിയുന്ന മുഴുവൻ ടൗൺ ഷിപ്പുകളും ഭൗതികവികാസവും സാഹസികരായ ഒരുകൂട്ടം മനുഷ്യരുടെ, കുടിയേറ്റക്കാരായ നമ്മുടെ പൂർവികരുടെ, ത്യാഗോജ്ജ്വലമായ കഥ പറയുന്നുണ്ട്. അവരുടെ വിയർപ്പിന്റെയും രക്തത്തിന്റെയും അവരിൽ കുറെപേരുടെ ജീവന്റെയും വിലയാണ് നാം കാണുന്നതും അനുഭവിക്കുന്നതുമായ ആധുനിക സൗകര്യങ്ങൾ. അവരുടെ തേജസുറ്റ ഓർമകൾക്ക് മുമ്പിൽ നമുക്ക് പ്രണാമം അർപ്പിക്കാം.

കുടിയേറ്റം നൂറ്റാണ്ട് പിന്നിടുമ്പോൾ പൂർവികരുടെ സ്മരണ നമ്മെ പഠിപ്പിച്ചു തരുന്ന ഏതാനും പാഠങ്ങളുണ്ട്. ഒന്നാമതായി, അവരുടെ അചഞ്ചലമായ ദൈവവിശ്വാസവും ദൈവാശ്രയ ബോധവുമാണ്. 'കർത്താവ് അബ്രാമിനോട് അരുളിച്ചെയ്തു: നിന്റെ ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട്, ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്കു പോവുക. ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നിന്റെ പേര് ഞാൻ മഹത്തമമാക്കും. അങ്ങനെ നീ ഒരനുഗ്രഹമായിരിക്കും' (ഉത്പ 12,1-2). വിശ്വാസികളുടെ പിതാവായ അബ്രാഹം ദൈവഹിതപ്രകാരമുള്ള വഴികളിലൂടെ നടന്നതുപോലെ ജീവിത വൈപരീത്യങ്ങളോടു മല്ലിട്ടപ്പോൾ കുടിയേറ്റ ജനതയും കൂട്ടുപിടിച്ചത് ദൈവത്തെയാണ്. അതുകൊണ്ടാണ് നമ്മുടെ കുടിയേറ്റ കേന്ദ്രങ്ങളിലെല്ലാം ആ നാട്ടിലെ ഏറ്റവും പ്രൗഢിയുള്ള നിർമ്മിതിയായി ഒരു പള്ളി ഉയർന്നു നിൽക്കുന്നത്. അത് സ്വർഗത്തോളം ഉയർന്നുനിൽക്കുന്ന അവന്റെ വിശ്വാസത്തിന്റെ അടയാളപ്പെടുത്തലാണ്. അത്തരം ഒരു പള്ളി കേന്ദ്രമാക്കിയാണ് ഏതൊരു കുടിയേറ്റ പട്ടണവും വളർന്നിട്ടുള്ളത്. രണ്ടാമത്തേത്, ഏതൊരു ജീവിത വിജയത്തിനും കഠിനാധ്വാന ത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും ആത്മധൈര്യത്തിന്റെയും പിൻബലമുണ്ട് എന്നതാണ്. ചോര നീരാക്കിയവരുടെയും ജീവൻ ഹോമിച്ചവരുടെയും പ്രതീക്ഷകളിൽ ജീവിച്ചത് അവർ ആയിരുന്നില്ല വരും തലമുറയായിരുന്നു. 'ഇവിടെ, നിങ്ങളുടെ പിതാക്കന്മാർക്കു ഞാൻ നൽകിയ ഈ ദേശത്ത്, എന്നേക്കും വസിക്കാൻ ഞാൻ നിങ്ങളെ അനുവദിക്കും' (ജറെ 7,7). പ്രതിബന്ധങ്ങളോട് ഏറ്റുമുട്ടി, വെല്ലുവിളികളെ അതിജീവിച്ച് മുന്നേറുന്ന, അതിജീവനമാണ് മനുഷ്യ ജീവിതം എന്ന് നമ്മുടെ പൂർവികർ നമ്മെ ഓർമ്മപ്പെടുത്തുന്നു. മൂന്നാമതായി, കുടിയേറ്റം നമ്മെ പഠിപ്പിച്ചു തരുന്ന പാഠം കൂട്ടായ്മയുടെ വിജയമാണ്. യഥാർഥത്തിൽ, കുടിയേറ്റം പരസ്പരം ബന്ധമില്ലാത്ത ഒറ്റപ്പെട്ട സംഭവങ്ങൾ ആയിരുന്നു. അന്യവും വിദൂരവുമായ ഈ നാട്ടിലെത്തിയശേഷമാണ് കുടിയേറ്റക്കാർ പരസ്പരം ബന്ധപ്പെട്ടതും കൂട്ടായ്മയിലേക്ക് വളർന്നതും. കാരണം, അവർ ഇവിടെ നേരിട്ട

പ്രതിസന്ധികളെല്ലാം പൊതുവായിരുന്നു. ഒറ്റപ്പെട്ടു നിന്നാൽ ഇല്ലാതായിതീരുമെന്നും, ഐക്യപ്പെട്ടാൽ അതു വളർച്ചയിലേക്കും വിജയത്തിലേക്കും നയിക്കുമെന്നും അവർക്ക് ബോധ്യപ്പെട്ടു. 'സഹോദരർ ഏകമനസ്സായി ഒരുമിച്ചുവസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്!' (സങ്കീ 133, 1). യഥാർഥ ത്തിൽ കുടിയേറ്റ ജനതയുടെ വളർച്ച കൂട്ടായ്മയുടെ വിജയമാണ്. കുടിയേറ്റ ജനത നാലാം തലമുറ പിന്നിടുന്ന വർത്തമാനകാലത്തിൽ ഈ സമൂഹം നേരിടുന്ന വെല്ലുവിളി പുറമേ നിന്നല്ല, ഒന്നിച്ചു നിൽക്കാൻ കഴിയാത്ത അവസ്ഥ തന്നെയല്ലേ എന്നു ഗൗരവത്തോടെ ചിന്തിക്കേണ്ടതുണ്ട്.

ഭൂനിയമങ്ങൾ, വന്യമൃഗാക്രമണം, കൃഷിതകർച്ച, കാർഷികോല്പന്ന ങ്ങളുടെ വില തകർച്ച, ഭൂസ്വത്തിന്റെ വിലയിടിവ് തുടങ്ങി ഇന്ന് നാം നേരിടുന്ന വെല്ലുവിളികളും നിരവധിയാണ്. കുടിയേറ്റ ജനതയുടെ നട്ടെല്ലായിരുന്ന കൃഷിമേഖലയിൽ നിന്ന് നാം വളരെ ദൂരം അകന്നു കഴിഞ്ഞു. കുടുംബങ്ങളിൽ മക്കളുടെ എണ്ണം കുറഞ്ഞു; ഉള്ളവർ തന്നെ നാട് വിടുന്ന കുടിയേറ്റത്തിന്റെ പുതിയൊരു മാനം നാം കാണുന്നു. ഈ പ്രതിസന്ധികളെ ഒന്നിച്ചു നിന്ന് നാം നേരിടേണ്ടതുണ്ട്. കുടിയേറ്റ ചരിത്രം രണ്ടാം നൂറ്റാണ്ടിലേക്ക് കടക്കുമ്പോൾ അത് പരാജയപ്പെട്ട വരുടെ ചരിത്രമല്ല, വിപരീത സാഹചര്യങ്ങളോട് പടവെട്ടി വിജയിച്ചവരുടെ ചരിത്രമായി തന്നെ നിലനിർത്താനുള്ള കടമ ഈ തലമുറയ്ക്കുണ്ട്.

മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദി ആഘോഷം നമ്മുടെ രൂപതയുടെ റൂബി ജൂബിലി വർഷമായ 2025 നവംബർ മാസം രൂപതയിൽ ഉടനീളം രൂപത-മേഖല-ഇടവക എന്നീ മൂന്ന് തലങ്ങളിലായി സംഘടിപ്പിക്കുകയാണ്. കുടിയേറ്റ അനുസ്മരണവും അവബോധവും കേന്ദ്ര വിഷയമാകുന്ന വിവിധ കർമ്മ പരിപാടികളാണ് നവംബർ മാസം നമ്മൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇടവക തലത്തിൽ ആദ്യകാല കുടിയേറ്റക്കാരെ ആദരിക്കൽ (നവംബർ 16, ഞായർ), കുടുംബകൂട്ടായ്മകളിൽ കുടിയേറ്റ ചരിത്രത്തെക്കുറിച്ചും സംഭാവനകളെക്കുറിച്ചുമുള്ള ബോധവൽക്കരണം, മേഖലാതലത്തിൽ കുടിയേറ്റ അനുസ്മരണ - അവബോധ കൂട്ടായ്മകളും ക്ലാസുകളും സംഘടിപ്പിക്കൽ (നവംബർ മാസത്തിലെ വിവിധ ആഴ്ചകളിൽ), രൂപത തലത്തിൽ കോഴിക്കോട് ടൗൺഹാളിൽ വച്ച് കുടിയേറ്റത്തിന്റെ സാമൂഹിക - സാംസ്കാരിക - സാമ്പത്തിക - വിദ്യാഭ്യാസ - ആരോഗ്യ മേഖലകളിലെ സംഭാവനകളെക്കുറിച്ച് സിമ്പോസിയം നടത്തി, കുടിയേറ്റ ശതാബ്ദി ആഘോഷം സംഘടിപ്പി ക്കൽ (നവംബർ 22, ശനി) എന്നിവയാണ് മുഖ്യകർമ്മപദ്ധതികൾ.

കുടിയേറ്റ ജനതയുടെ അതിജീവനചരിത്ര ശതാബ്ദി ആഘോഷം നമ്മുടെ പൂർവികർ പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞുനോക്കാനും, മലബാറിന്റെ മണ്ണിൽ

കുടിയേറ്റം വരുത്തിയ മാറ്റത്തിന്റെ - വികസനത്തിന്റെ ചരിത്രഭാഗമായവരെ അനുസ്മരിക്കാനും, ആദരിക്കാനും, കുടിയേറ്റത്തിന്റെ സംഭാവനകൾ പുതുതലമുറയിലേക്ക് എത്തിക്കാനുമാണ് ലക്ഷ്യമിടുന്നത്. താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി വർഷത്തിൽ കുടിയേറ്റ ശതാബ്ദിയാഘോഷം നടത്തുമ്പോൾ മലബാറിന്റെ സമൂഹനിർമ്മിതിയിൽ സഭ നിർവഹി ക്കുന്ന പങ്കും വെളിപ്പെടുന്നു. ഈ കുടിയേറ്റ ശതാബ്ദി ആഘോഷത്തിന്റെ എല്ലാ പരിപാടികളിലും എല്ലാവരും താല്പര്യപൂർവം പങ്കുചേരണമെന്ന് ഞാൻ അഭ്യർഥിക്കുന്നു. ധന്യമായ ഈ രണ്ടു ചരിത്രമുഹൂർത്തങ്ങൾ നമുക്ക് ദൈവാനുഗ്രഹവർഷത്തിന്റെ അവസരമായി പരിണമിക്കട്ടെ.

പരിശുദ്ധ കന്യകാമറിയവും കുടിയേറ്റ ജനതയുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പും രൂപതാ മധ്യസ്ഥയായ വിശുദ്ധ അൽഫോൻസയും മലബാർ കുടിയേറ്റത്തിന്റെ ശതാബ്ദി സമുചിതമായി ആചരിക്കാൻ പ്രാർഥനയിലൂടെ നമ്മെ അനുഗ്രഹിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**✠ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

*ഈ സർക്കുലർ നവംബർ 2 ന് ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ദൈവാലയങ്ങളിലും വായിക്കാൻ നൽകിയത്.*



# കച്ചേരിക്കാര്യം

### 1. വൈദികരുടെ പൊതു മാസധ്യാനം

ക്രിസ്തുമസിന് ഒരുക്കമായുള്ള വൈദികരുടെ പൊതു മാസധ്യാനം ഡിസംബർ 22-ാം തീയതി തിങ്കളാഴ്ച രൂപതാഭവനിൽ നടത്തുന്നു. എല്ലാ ബഹു. അച്ചന്മാരും രാവിലെ 10 മണിയോടെ രൂപതാഭവനിൽ എത്തിച്ചേരണ്ടതാണ്.

### 2. കരോൾ പിരിവ്

പതിവനുസരിച്ച് നമ്മുടെ ഇടവകകളിൽ നടത്തുന്ന ക്രിസ്തുമസ് കരോൾ പിരിവിൽ ലഭിക്കുന്ന തുകയുടെ പകുതി രൂപത വൈദികവിദ്യാർഥികളുടെ പരിശീലനത്തിന് വേണ്ടിയാണ് മാറ്റിവയ്ക്കുന്നത്. ഇക്കാര്യം ഇടവകയിൽ നേരത്തെ അറിയിക്കുകയും ലഭിക്കുന്ന തുകയുടെ പകുതി സെമിനാരിക്കുവേണ്ടി രൂപതാകേന്ദ്രത്തിൽ ഏൽപ്പിക്കുകയും ചെയ്യേണ്ടതാണ്.

### 3. ആരാധനക്രമ പഞ്ചാംഗം - കലണ്ടർ, രൂപതാ കലണ്ടർ

2026-ലെ ആരാധനക്രമ പഞ്ചാംഗവും തിരുവചന കലണ്ടറും രൂപതാ ഭവനിൽ നിന്നും ലഭ്യമാണ്.

ലിറ്റർജി കമ്മീഷൻ തയ്യാറാക്കിയ രൂപതാ കലണ്ടർ 2026 എല്ലാ കുടുംബങ്ങളിലും സ്ഥാപനങ്ങളിലും എത്തിച്ചേർന്നുവെന്ന് ബഹു. വികാരി യച്ചന്മാർ ഉറപ്പുവരുത്തുമല്ലോ.

### 4. തിരുപ്പട്ട സ്വീകരണം

നമ്മുടെ രൂപതയ്ക്കുവേണ്ടി 7 ഡീക്കന്മാർ ഈ വർഷം തിരുപ്പട്ടം സ്വീകരിക്കുന്നു. കൂരാച്ചുണ്ട്, തിരുവമ്പാടി, വെട്ടത്തൂർ, കോടഞ്ചേരി, വിളക്കാംതോട്, പൂതംപാറ, കണ്ണോത്ത് എന്നീ ഇടവകകളിൽ ഡിസംബർ 26, 27, 29, 30, 31, 2026 ജനുവരി 1, 2 എന്നീ തീയതികളിലാണ് തിരുപ്പട്ട ശുശ്രൂഷകൾ നടക്കുന്നത്.

### 5. ജൂനിയർ ക്ലെർജി

പൗരോഹിത്യം സ്വീകരിച്ചിട്ട് 10 വർഷം പൂർത്തിയാകാത്ത വൈദികർക്കുവേണ്ടി നടത്തിവരുന്ന റിഫ്രഷൻ കോഴ്സ് 2026 ജനുവരി 19-ാം തീയതി മുതൽ 21-ാം തീയതിവരെ പി.എം.ഒ.സി.യിൽ നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്ന തായിരിക്കും.

### 6. ജൂബിലി ആശംസകൾ

പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലിയിലേക്ക് പ്രവേശിക്കുന്നവർ **ബഹു. ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ, ബഹു. ഫാ. തോമസ് കളരിക്കൽ, ബഹു. ഫാ. ഡൊമിനിക് മുട്ടത്തുകുടിയിൽ, ബഹു. ഫാ. ജോർജ് വരിക്കശ്ശേരി, ബഹു. ഫാ. തോമസ് ചുവപ്പുങ്കൽ, ബഹു. ഫാ. സെബാസ്റ്റ്യൻ പുളിക്കൽ, ബഹു. ഫാ. കുര്യാക്കോസ് മുകാല** എന്നീ വൈദികരാണ്. ഈ വർഷം മുഴുവൻ ദൈവത്തിന് നന്ദിപറഞ്ഞ് കൂടുതൽ കരുത്തോടെ പൗരോഹിത്യ ശുശ്രൂഷയിൽ മുന്നോട്ടുപോകാൻ ദൈവാനുഗ്രഹം ലഭിക്കട്ടെയെന്ന് നമുക്ക് പ്രാർഥിക്കാം.

### 7. സ്മരണാഞ്ജലി

| | | |
|---|---|---|
| **06-12-2023** | **-** | **മോൺ. ആന്റണി കൊഴുവനാൽ** |
| 14-12-1982 | - | റവ. ഫാ. അബ്രാഹം കുഴിമുള്ളോരം |
| **18-12-2024** | **-** | **റവ. ഫാ. എഫ്രേം പൊട്ടനാനിക്കൽ** |
| **24-12-1998** | **-** | **റവ. ഫാ. ജോർജ് തടത്തിൽ** |
| 24-12-2011 | - | റവ. ഫാ. അഗസ്റ്റിൻ കീലത്ത് |
| 25-12-1983 | - | റവ. ഫാ. അഗസ്റ്റ്യൻ കിഴക്കാരക്കാട്ട് |
| 25-12-2001 | - | റവ. ഫാ. ഫ്രാൻസിസ് അറയ്ക്കൽ |
| 26-12-1994 | - | റവ. ഫാ. ജോസ് മുക്കാട്ട് |
| **29-12-2018** | **-** | **റവ. ഫാ. ജോസഫ് കാളക്കുഴി** |

**പ്രോട്ടോസിഞ്ചെല്ലൂസ്**



**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

**Order No. 408/25**

**Constitution of the Election Commission**
**for XIII Presbyteral Council**

**MAR REMIGIOSE INCHANANIYIL**
**Bishop of Thamarassery**

In virtue of the norms given in the Statutes of the Eparchial Presbyteral Council Article VII, a., I hereby constitute the Election Commission with the following members to conduct the election to constitute XIII Presbyteral Council.

Very Rev. Fr. Sebastian Kavalakkattu (Convener)

Very Rev. Fr. Kurian Thannickal

Rev. Fr. John Pallickavayalil

**Given this from the Bishop's Office on 12 November 2025**


**✠Remigiose Inchananiyil**
Bishop of Thamarassery

Bishop's House, P .B. No. 1, Thamarassery P.O., Kozhikode - 673 573, Kerala, India
Phone : +91 495 2223376, Mob : +91 9400088376
Web: www.thamarasserydiocese.com
Email : remigiusm@hotmail.com, diocesetmy09@gmail.com


# പാവനസ്മരണയ്ക്ക്




മോൺ. ആന്റണി കൊഴുവനാൽ
06.12.2023



റവ. ഫാ. എഫ്രേം പൊട്ടനാനിക്കൽ
18–12–2024



റവ. ഫാ. ജോർജ്ജ് തടത്തിൽ
24.12.1998



റവ. ഫാ. ജോസഫ് കാളക്കുഴി
29.12.2018

# ആദരാഞ്ജലികൾ

## സി. സെറാഫിയ CMC



സി. സെറാഫിയാ പാലാ രൂപതയിൽ തുടങ്ങനാട് ഇടവകയിൽ കിഴക്കേക്കര കുടുംബത്തിൽ പരേതരായ ഇട്ടിയേപ്പ്-മറിയം ദമ്പതിക ളുടെ 8 മക്കളിൽ ആറാമത്തെ സന്താനമായി 1931 ജനുവരി 5 ന് ജനിച്ചു. 1947 ൽ തുടങ്ങനാട് ഇടവകയിൽ സ്ഥാപിതമായ കർമ്മലമഠത്തിൽ ആദ്യ അംഗങ്ങളായി ചേർന്നവരിൽ ഒരാളായ സി. സെറാഫിയാ സന്യാസപരിശീലനത്തി നുശേഷം 1950 മെയ് 18ന് ആദ്യവ്രതവാഗ്ദാനവും 1953 മെയ് 18ന് നിത്യവ്രതവാഗ്ദാനവും നടത്തി. ഉപരി പഠനത്തിന് ശേഷം 1955 ൽ രാമപുരം സ്കൂളിൽ അധ്യാപക ജോലിയിൽ പ്രവേശിച്ചു. മലബാറിലെ രണ്ടാമത്തെ ഭവനമായി തിരുവമ്പാടിയിൽ സ്ഥാപിച്ച സി.എം.സി. സേക്രഡ് ഹാർട്ട് കോൺവെന്റിലെ ആദ്യ അംഗങ്ങളിൽ ഒരാളായി 1956 ജൂലൈ 10ന് സെറാഫിയാമ്മ മലബാറിലെത്തി. അധ്യാപക ജോലിയിൽ മികവ് പുലർത്തിയ അമ്മ 1956-1980 വരെ തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്കൂളിലും 1980-86 കാലയളവുകളിൽ എടൂർ സെന്റ് മേരീസ് ഹൈസ്കൂളിലും അധ്യാപികയായി സേവന മനുഷ്ഠിച്ചു. 1986ൽ ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ചു.

സി. സെറാഫിയ ജനറൽ കൗൺസിലർ, അവിഭക്ത തലശ്ശേരി പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സൂപ്പീരിയർ, അസിസ്റ്റന്റ് പ്രൊവിൻ ഷ്യൽ, പ്രൊവിൻഷ്യൽ കൗൺസിലർ, ലോക്കൽ സുപ്പീരിയർ, ജൂനിയർ മിസ്ട്രസ് തുടങ്ങിയ ശുശ്രൂഷകൾ തീക്ഷ്ണതയോടെ നിർവഹിച്ചു. തുടങ്ങനാട്, രാമപുരം, തിരുവമ്പാടി, മേരിക്കുന്ന് എടൂർ, ആലുവ, കച്ചേരികടവ്, കീഴ്പ്പള്ളി, കറുകുറ്റി സാൻജോ ഭവൻ, മാട്ടറ, കൂത്തുപറമ്പ്, താമരശ്ശേരി എന്നീ ഭവനങ്ങളിൽ അംഗമായിരുന്നു കൊണ്ട് സ്തുത്യർഹ സേവനം അനുഷ്ഠിച്ചു. 2007 ൽ വിശ്ര മജീവിതത്തിലേക്ക് പ്രവേശിച്ച സി. സെറാഫിയ 2025 നവംബർ 12ന് നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. പ്രാർഥനാപൂർവം ആദരാഞ്ജലികൾ നേരുന്നു.

# വിശ്വാസപരിശീലനം

## രൂപതാ തല പ്രതിഭാസംഗമം - STD - XII

നവംബർ 8, 9 (ശനി, ഞായർ) തീയതികളിൽ HCC II രൂപതാതല പ്രതിഭാ സംഗമം PMOC യിൽ വച്ച് നടന്നു. ശനിയാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോടു കൂടി ആരംഭിച്ചു. 44 പ്രതിഭകൾ പങ്കെടുത്തു. ജേക്കബ് കോച്ചേരി, ബോണി എന്നിവർ പ്രോഗ്രാം നയിച്ചു. PMOC ഡയറക്ടർ ഫാ. റോയി തേക്കുംക്കാട്ടിൽ സംഗമം ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. അബ്രാഹം വയലിൽ പ്രതിഭകൾക്ക് സർട്ടിഫിക്കറ്റും മൊമെന്റോയും നൽകി. ഞായറാഴ്ച രാവിലെ 10 ന് പ്രോഗ്രാം സമാപിച്ചു.

### HCC II രൂപതാതല പ്രതിഭകൾ

**Boys :** 1. Efrin Rajesh Parathalackal, Kannoth
2. Astin Joseph Raju Punchatharappil, Koodaranji

**Girls :** 1. Liya Christy Koottumkal, Pullurampara
2. Riyona Mariya Elayidath, Kodanchery

സീറോ മലബാർ സഭാതല പ്രതിഭാ സംഗമം ഡിസംബർ 26, 27, 28ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടക്കുന്നതാണ്.

## മതാധ്യാപക ദിനം

മതാധ്യാപക ദിനത്തിൽ അഭിവന്ദ്യ പിതാവിന്റെ സന്ദേശം യുട്യൂബ് ചാനലിൽ സംപ്രേക്ഷണം ചെയ്തു. വി. ചാൾസ് ബൊറോമിയോയുടെ തിരുനാളിനോടനുബന്ധിച്ച് നവംബർ 9 ഞായറാഴ്ച രൂപതയിലെ എല്ലാ ഇടവകകളിലും മതാധ്യാപകദിനം ആചരിച്ചു. ഇടവകകളിൽ മതാധ്യാപകർക്കുവേണ്ടി വി. ബലി അർപ്പിക്കുകയും, പ്രാർഥിക്കുകയും, അവരെ ആദരിക്കുകയും, സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## പവർ സെൽ

**വെറ്റിലപ്പാറ :** നവംബർ 19 ന് വെറ്റിലപ്പാറ ഇടവകയിൽ Power Cell നടന്നു. ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, മരഞ്ചാട്ടി, വാലില്ലാപ്പുഴ, വെറ്റിലപ്പാറ എന്നീ ഇടവകകളിൽ നിന്നും 77 മതാധ്യാപകർ പ്രോഗ്രാമിൽ പങ്കെടുത്തു.

## നവംബർ മാസത്തിലെ 'ലൂമിന' പ്രോഗ്രാമുകൾ

### ലൂമിന 19 പെരിന്തൽമണ്ണ

നവംബർ 2 ഞായറാഴ്ച പെരിന്തൽമണ്ണ മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം പെരിന്തൽമണ്ണ ദൈവാലയത്തിൽ നടന്നു. പെരിന്തൽമണ്ണ, താഴേക്കോട്, വെട്ടത്തൂർ, നെന്മേനി, ഒറവുംപുറം, പൊന്ന്യാംകുറിശ്ശി, മങ്കട, വലമ്പൂർ എന്നീ ഇടവകകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു.

### ലൂമിന 20 പുതുപ്പാടി

നവംബർ 16 ന് താമരശ്ശേരി മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം പുതുപ്പാടി ഇടവകയിൽ നടന്നു. 120 യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു.

### ലൂമിന 21 തോട്ടുമുക്കം

നവംബർ 30 ഞായറാഴ്ച തോട്ടുമുക്കം മേഖലയുടെ രണ്ടാമത്തെ ലൂമിന പ്രോഗ്രാം തോട്ടുമുക്കം ദൈവാലയത്തിൽ നടന്നു. യുവജനങ്ങൾ പങ്കെടുത്ത പ്രോഗ്രാം ദൈവാനുഗ്രഹം നിറഞ്ഞതായിരുന്നു. ചുണ്ടത്തുംപൊയിൽ, തോട്ടുമുക്കം, പനംപ്ലാവ്, വാലില്ലാപ്പുഴ, വെറ്റിലപ്പാറ എന്നീ ഇടവകകളിൽ നിന്ന് യുവജനങ്ങൾ പങ്കെടുത്തു.

### DOMUS CAT - കുടുംബവിശ്വാസപരിശീലനം

വിശ്വാസപരിശീലനത്തിന്റെ ഭാഗമായി കുടുംബങ്ങളിൽ സന്ധ്യാ പ്രാർഥനയോടൊപ്പം പ്രാർഥിക്കാനും ധ്യാനിക്കാനും പരിശീലിക്കാനുമുള്ള പ്രോഗ്രാം. ജൂലൈ മാസത്തിൽ നൽകിയത്:

പാഠം 21 - കുട്ടികളെ വചനം പഠിപ്പിക്കുക
പാഠം 22 - മക്കളെ ശിക്ഷണം ഇല്ലാതെ വളർത്തരുത്.
പാഠം 23 - ആത്മരക്ഷയാണ് പ്രധാനം
പാഠം 24 - മക്കളുടെ ആത്മാവിനെ കരുതുന്ന മാതാപിതാക്കൾ
പാഠം 25 - ഏറ്റവും ഉന്നതമായ നിയോഗത്തിനുവേണ്ടി പ്രാർഥിക്കുക

## Mission Quest - 2025

സീറോ മലബാർ തലത്തിൽ നടന്ന മിഷൻ ക്വസ്റ്റ് ക്വിസ് മത്സരത്തിൽ താമരശ്ശേരി രൂപതയിൽ നിന്ന് ജൂനിയർ സീനിയർ വിഭാഗത്തിൽ നിന്ന് നിരവധിപേർ പങ്കെടുത്തു. ജൂനിയർ സീനിയർ വിഭാഗങ്ങളിൽ രൂപതാ വിജയികളായവരുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| **Students** | |
| I Jacob Sabu Thamarakkattu | Sacred Heart Forane Church Thiruvambady |
| II Eva Merin John Elavunkal | St. Joseph's Church, Malaparamba |
| III Levin Sunil Kezhaplakkal | St. Mary's Church, Koorottupara |
| **Adults** | |
| I Lizy John K Kuttikadan | Infant Jesus Church, Ashokapuram |
| II Sonu Jomon Pazhiyankal | Fathima Matha Church Thekkumkutty |
| III Sr. Amal Grace CMC | Sacred Heart Forane Church Thiruvambady |

**ACC 13, 14, 15 Online Class**

**ACC 13 : 'അബോഷൻ'** (ഭാഗം 1, 2) എന്ന വിഷയത്തെ കുറിച്ച് ഫാ. ഫിലിപ്പ് ചക്കുംമൂട്ടിൽ ക്ലാസ്സെടുത്തു.

**ACC 14 : 'ജീവന്റെ മൂല്യം – അഞ്ചാം പ്രമാണം'** എന്ന വിഷയത്തെ കുറിച്ച് സോണിമോൻ സേവ്യർ, "ലൈംഗിക – ധാർമ്മികത ഭാഗം – 1" എന്ന വിഷയത്തെകുറിച്ച് സണ്ണി കോക്കാപ്പിള്ളി ക്ലാസ്സെടുത്തു.

**ACC 15 : 'സാമ്പത്തിക ബന്ധങ്ങളിലെ നീതിനിർവഹണം', "**ക്രൂശിതന്റെ തിരുമൊഴികൾ" എന്ന വിഷയങ്ങളെകുറിച്ച് ജോൺസൺ പൂവത്തിങ്കൽ ക്ലാസ്സെടുത്തു. "വിദ്യാഭ്യാസ മേഖലയിലെ ക്രൈസ്തവ സംഭാവനകൾ" എന്ന വിഷയത്തെകുറിച്ച് ഫാ. മെൽവിൻ വെള്ളക്കാകുടി ക്ലാസ്സെടുത്തു.

**Media Catechesis**

**ACC 13, 14, 15** ന്റെ Online ക്ലാസ്സുകൾ, ലൂമിന, Power Cell, അഭിവന്ദ്യ പിതാവിന്റെ മതാധ്യാപകദിനസന്ദേശം, പ്രതിഭാസംഗമം, എന്നിവയുടെ വീഡിയോകൾ, കാറ്റക്കിസം ചാനലിൽ സംപ്രേക്ഷണം ചെയ്തു.

**Faith Step :** വിവിധ ഇടവകകളിൽ വിശ്വാസ പരിശീലന മേഖലയിൽ പുതിയതായി തുടങ്ങിയ ചുവടുവയ്പ്പുകളെ പ്രധാനാധ്യാപകർ പരിചയപ്പെടുത്തുന്നതിന്റെ 9-ാം എപ്പിസോഡ് യൂട്യൂബ് ചാനലിൽ സംപ്രേഷണം ചെയ്തു. പെരിന്തൽമണ്ണ ഇടവക പ്രധാനാധ്യാപകൻ ഫാ. ബെന്നി പുളിക്കൽ ഇടവകയിൽ ചെയ്യുന്ന പുതിയ പ്രവർത്തനങ്ങൾ ഫെയ്ത്ത് സ്റ്റെപ്പിലൂടെ അവതരിപ്പിച്ചു.

### രൂപതാ മതബോധന കമ്മറ്റി

ഡിസംബർ 13 ശനിയാഴ്ച രൂപതാഭവനിൽ വച്ച് രൂപതാ മതബോധന കമ്മറ്റി നടത്തപ്പെടുന്നതാണ്.

## DECEMBER 2025

| | |
|---|---|
| 01. 12. 25 തിങ്കൾ | ഇരുപത്തഞ്ചു നോമ്പാരംഭം<br>(വിശ്വാസപരിശീലകരും കുട്ടികളും 25 ദിവസം മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുക്കുക) |
| 03. 12. 25 ബുധൻ | വി. ഫ്രാൻസിസ് സേവ്യർ |
| 06. 12. 25 ശനി | Power Cell -22 : ഊരകം സെന്റർ (കൊണ്ടോട്ടി, കോട്ടക്കൽ, മലപ്പുറം, ഊരകം, തിരൂർ) |
| 07. 12. 25 ഞായർ | മംഗളവാർത്താക്കാലം 2-ാം ഞായർ |
| 08. 12. 25 തിങ്കൾ | പരി. കന്യകാമറിയത്തിന്റെ അമലോത്ഭവ തിരുനാൾ |
| 13. 12. 25 ശനി | കുരിശിന്റെ വി. യോഹന്നാൻ<br>(ഡിസംബർ 14)<br>രൂപതാ മതബോധന കമ്മറ്റി-രൂപതാഭവൻ |
| 14. 12. 25 ഞായർ | മംഗളവാർത്താക്കാലം 3-ാം ഞായർ<br>HCC Invigilators and Exam Supervisors ലിസ്റ്റ് മേഖലാ പ്രസിഡന്റുമാർ രൂപതയിൽ അറിയിക്കേണ്ട ദിവസം<br>ACC 13, 14, 15 Online Class - 13 |
| 21. 12. 25 ഞായർ | മംഗളവാർത്താക്കാലം 4-ാം ഞായർ |
| 25. 12. 25 വ്യാഴം | ക്രിസ്തുമസ് |
| 26. 12. 25 വെള്ളി | വി. എസ്തപ്പാനോസ് |
| 27. 12. 25 ശനി | വി. യോഹന്നാൻ ശ്ലീഹാ |
| 28. 12. 25 ഞായർ | പിറവിക്കാലം 1-ാം ഞായർ<br>കുഞ്ഞിപ്പൈതങ്ങൾ (ശിശുദിനം)<br>ACC 13, 14, 15 Online Class - 14 |
| 31. 12. 25 ബുധൻ | വർഷാവസാനം |

**ഫാ. ജോൺ പള്ളിക്കാവയലിൽ**
ഡയറക്ടർ, വിശ്വാസപരിശീലനം

## ബൈബിൾ അപ്പോസ്തോലേറ്റ്

ലോഗോസ് ക്വിസ് പരീക്ഷയുടെ സംസ്ഥാനതല മത്സരം (സെമി ഫൈനൽ റൗണ്ട്) 2025 നവംബർ 09 ന് കോഴിക്കോട് പ്രൊവിഡൻസ് സ്കൂളിൽ നടന്നു. താമരശ്ശേരി രൂപതയെ പ്രതിനിധീകരിച്ച് 18 പേർ പ്രസ്തുത പരീക്ഷയിൽ പങ്കെടുക്കുകയും രണ്ടു പേർ ഫൈനൽ മത്സരത്തിന് യോഗ്യത നേടുകയും ചെയ്തു. എഫ് കാറ്റഗറിയിൽ നിന്ന് മാത്യു തൈക്കുന്നുംപുറത്ത് (കൂരാച്ചുണ്ട്), റോസമ്മ മാടപ്പാട്ട് (പാറോപ്പടി) എന്നിവരാണ് ലോഗോസ് ക്വിസ് ഫൈനൽ റൗണ്ടിലേയ്ക്ക് യോഗ്യത നേടിയത്. നവംബർ 22 ന് ഫൈനലും 23 ന് മെഗാഫൈനലും നടക്കും.

**ഫാ. അബ്രാഹം സ്രാമ്പിക്കൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്, തിരുബാലസഖ്യം

### 2024-25 പ്രവർത്തന വർഷത്തെ പുരസ്കാരങ്ങൾ

'ദൈവ കേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും' എന്ന പ്രവർത്തന വിഷയത്തെ അടിസ്ഥാനമാക്കി 2024 - 25 പ്രവർത്തന വർഷത്തിൽ രൂപത, മേഖല, ശാഖ തലങ്ങളിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന സമിതി നൽകുന്ന മികവിന്റെ പുരസ്കാരം താമരശ്ശേരി രൂപതയ്ക്കും ലഭിച്ചു. താമരശ്ശേരി രൂപത, പെരിന്തൽമണ്ണ മേഖല, കട്ടിപ്പാറ ശാഖ എന്നിവ ഗോൾഡൻ സ്റ്റാർ പുരസ്കാരവും, തിരുവമ്പാടി മേഖല, ചക്കിട്ടപ്പാറ ശാഖ എന്നിവ മിഷൻ സ്റ്റാർ പുരസ്കാരവും കരസ്ഥ മാക്കി.

### സകല മരിച്ചവരുടെയും ഓർമ്മദിനം

നവംബർ 2ന് സകല മരിച്ചവരുടെയും ഓർമ്മതിരുനാളിനോടനു ബന്ധിച്ച് നവംബർ 1 ശനിയാഴ്ച കുഞ്ഞു മിഷനറിമാർ വിശുദ്ധ ബലിയിൽ സംബന്ധിക്കുകയും സിമിത്തേരി സന്ദർശിച്ച് പ്രാർഥിക്കു കയും ചെയ്തു. നവംബർ മാസത്തിൽ സിമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

### മതാധ്യാപക ദിനം

വിശുദ്ധ ചാൾസ് ബൊറോമിയായുടെ തിരുനാളിനോടനുബന്ധിച്ച് ശാഖ തലങ്ങളിൽ മതാധ്യാപകരെ ആദരിക്കുകയും മതാധ്യാപക ദിനം സമുചിതമായി ആഘോഷിക്കുകയും സ്റ്റാറ്റസ് വീഡിയോ, പോസ്റ്റർ എന്നിവ തയ്യാറാക്കുകയും ചെയ്തു.

### മിശിഹായുടെ രാജത്വതിരുനാൾ

നവംബർ 23 ഞായറാഴ്ച മിശിഹായുടെ രാജത്വതിരുനാൾ ശാഖ തലങ്ങളിൽ ആഘോഷിക്കുകയും അന്നേ ദിനം റാലി നടത്തുകയും ചെയ്തു.

### വിവിധ മത്സരങ്ങൾ

സകല വിശുദ്ധരുടെയും തിരുനാളിനോടനുബന്ധിച്ച് തിരു ബാലസഖ്യം കുട്ടികൾക്ക് വേണ്ടി 'ലവിങ് സെയ്ന്റ്സ്' സ്റ്റാറ്റസ് വീഡിയോ മത്സരം നടത്തി.

സകല മരിച്ചവരുടെയും തിരുനാളിനോടനുബന്ധിച്ച് 'ഹെവൻലി സോൾസ്' പോസ്റ്റർ നിർമ്മാണ മത്സരം നടത്തി.

### നിറക്കൂട്ട്

സംസ്ഥാന കലോത്സവത്തിന് ഒരുക്കമായി നവംബർ 3, 4 തീയതി കളിൽ നിറക്കൂട്ട് ഓൺലൈൻ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു

| സംസ്ഥാന കലാ - സാഹിത്യ മത്സര വിജയികൾ | |
|---|---|
| **കവിത** | |
| ലയ ക്രിസ്റ്റി കൂരാപ്പള്ളിൽ, കൂരാച്ചുണ്ട് | - Second |
| നെവിൽ ഫിലിപ്പ് തോണക്കര, കല്ലുരുട്ടി | - Second |
| എഡ്വിൻ ഷിജു ഇടമുളയിൽ, മരഞ്ചാട്ടി | - Third |
| അഞ്ചല ഫ്രാൻസിസ് കണിയാമറ്റത്തിൽ, പാറോപ്പടി | - Third |
| **ചെറുകഥ** | |
| ജിൽസൺ ജോസ് കിഴക്കേക്കര പടത്തുകടവ് | - First |
| അപർണ ഷാജി പാണ്ടിശ്ശേരിയിൽ, മൈലെള്ളാംപാറ | - First |
| നെവിൻ ഫിലിപ്പ് തോണക്കര, കല്ലുരുട്ടി | - Second |
| ജെസ്സി പി ജെ തടത്തിൽ, തിരുവമ്പാടി | - Third |

| | |
|---|---|
| **ബൈബിൾ വായന**<br>അലോൺ ജൂഡ് എ എൻ എസ് അറക്കൽ നെല്ലിശ്ശേരി മരിയാപുരം | - Third |
| **മിഷൻ ക്വിസ്**<br>നിമ്മി ഷാജി വടക്കേപറമ്പിൽ, കുന്ദമംഗലം | - Second |
| **സംഗീതം**<br>ആഗ്നസ് മരിയ ജോസഫ് പൂതംപാറ,<br>സ്നേഹ ടോമി ചക്കിട്ടമുറിയിൽ, തിരുവമ്പാടി | - Third<br>- Third |

**സംസ്ഥാന കലോത്സവം - സർഗപ്രഭ 25**

ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന മിഷൻ കലോത്സവം 'സർഗപ്രഭ 25' നവംബർ 8ന് കോട്ടയം കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. നമ്മുടെ രൂപതയിൽ നിന്നും 60 മിഷൻലീഗ് അംഗങ്ങൾ മത്സരിക്കുകയും കലാസാഹിത്യ മത്സരങ്ങ ളിൽ വിവിധ സ്ഥാനങ്ങളും എ ഗ്രേഡും നേടുകയും ചെയ്തു. സിസ്റ്റേഴ്സിനായി നടത്തപ്പെട്ട 'ഹൃദയ ലില്ലി' കലാസാഹിത്യ മത്സരത്തിൽ ഓവർ ഓൾ മൂന്നാം സ്ഥാനം നേടുകയും ചെയ്തു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**അറിയിപ്പ്**

താമരശ്ശേരി രൂപത കമ്മ്യൂണിക്കേഷൻ മീഡിയയും ചെറുപുഷ്പ മിഷൻ ലീഗും ചേർന്നൊരുക്കുന്ന FIESTA 2K25 കരോൾ ഗാന മത്സരം 2025 ഡിസംബർ 20 ശനിയാഴ്ച ഉച്ചയ്ക്ക് രണ്ട് മണി മുതൽ മേരിക്കുന്ന് PMOC യിൽ വച്ച് നടത്തപ്പെടുന്നു.

**ഫാ. ജോർജ് വെള്ളാരംകാലായിൽ**
ഡയറക്ടർ, CML, തിരുബാലസഖ്യം

## മദ്ബഹ ശുശ്രൂഷാസംഘം [SMART]

**ഒപ്പം:** എല്ലാ ഞായറാഴ്ചകളിലും വിവിധ ഇടവകകളിൽ സന്ദർശനം നടത്തി സ്മാർട്ട് അംഗങ്ങളെ പരിചയപ്പെടുന്നു. നവംബർ മാസത്തിൽ വിളക്കാംതോട്, നൂറാംതോട്, ആനക്കാംപൊയിൽ, കല്ലാനോട് എന്നിവിടങ്ങളിൽ സന്ദർശനം നടത്തി.

**ഒരുക്കം:** അൾത്താര ശുശ്രൂഷികൾക്ക് പ്രത്യേക പരിശീലനം നൽകാൻ ആഗ്രഹിക്കുന്നെങ്കിൽ 9747036300 എന്ന നമ്പറിൽ വികാരിയച്ചന്മാർക്ക് ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർജ് കുമ്പുക്കൽ**
ഡയറക്ടർ, സ്മാർട്ട്

## സെമിനാരി വാർത്തകൾ

### കുടുംബദിനം

2025-26 അധ്യയന വർഷത്തിലെ ഹോം ഡേ നവംബർ 13-ാം തീയതി നടത്തി. രാവിലെ ഹോം ഡേയോട് അനുബന്ധിച്ച് നടന്ന മത്സരങ്ങ ളിൽ അവസാന മത്സര ഇനമായി മാരത്തൺ നടത്തി. അന്ന് വൈകുന്നേരം സെമിനാരി കുടുംബം മുഴുവൻ നാളിതുവരെ ദൈവം വർഷിച്ച അനുഗ്രഹങ്ങൾക്ക് കൃതജ്ഞതാബലിയർപ്പിച്ചു. വിശുദ്ധ കുർബാനയ്ക്കുശേഷം അഭിവന്ദ്യ പിതാവിന്റെ സാന്നിധ്യത്തിൽ നടന്ന മീറ്റിങ്ങിൽ വിജയികളായ ടീമിന് ട്രോഫി നൽകുകയും ചെയ്തു. സ്നേഹവിരുന്നോടെ ഹോം ഡേ ആഘോഷങ്ങൾ അവസാനിച്ചു.

### വാത്സല്യക്കൂട്

കലാപരിശീലനത്തിന്റെ ഭാഗമായി നമ്മുടെ സെമിനാരിയിൽ നിന്നും ഒന്നാം വർഷ മൈനർ സെമിനാരി വിദ്യാർഥികൾ നവംബർ 18ന് താമരശ്ശേരി സനാതന (MCBS) മേജർ സെമിനാരിയിലെ വൈദിക വിദ്യാർഥികൾ അവതരിപ്പിച്ച വാത്സല്യക്കൂട് എന്ന സാമൂഹിക നാടകം കാണുകയും പിന്നീട് ആസ്വാദനക്കുറിപ്പ് എഴുതുകയും ചെയ്തു.

### വാർഷികധ്യാനം

2025 – 26 അധ്യാന വർഷത്തിലെ വാർഷികധ്യാനം നവംബർ 21 മുതൽ 25 വരെ രൂപത ധ്യാനകേന്ദ്രമായ പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ നടന്നു. ഫാ. റോണി പോൾ കാവിൽ വൈദികവിദ്യാർഥി കൾക്കുവേണ്ടി ധ്യാനം നയിച്ചു.

**ഫാ. കുര്യൻ താന്നിക്കൽ**
റെക്ടർ

## കെസിവൈഎം – എസ്എംവൈഎം

### യൂണിറ്റ് ജനറൽ ബോഡികളും തിരഞ്ഞെടുപ്പുകളും

ഒക്ടോബർ 26 മുതൽ നവംബർ 16 വരെ താമരശ്ശേരി രൂപതയുടെ വിവിധ യൂണിറ്റുകളിൽ യൂണിറ്റ് ജനറൽ ബോഡികളും തിരഞ്ഞെടുപ്പു കളും നടത്തി. യൂണിറ്റ് ഡയറക്ടർമാർ, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

### നവംബർ 02 ഉത്സവ് 2025 (സംസ്ഥാന രചനാ കലോത്സവം)

സംസ്ഥാന രചനാ മത്സരങ്ങൾ കൽപ്പറ്റ ഡീ പോൾ സ്കൂളിൽ വെച്ച് നടത്തപ്പെട്ടു. മത്സരക്കളത്തിലെ വാശിയും, സൗഹൃദത്തിന്റെ നിറങ്ങളും, സ്നേഹത്തിന്റെ ഒത്തുചേരലും നിറച്ചുകൊണ്ട് എഴുത്തിലൂടെയും, വരകളിലൂടെയും വിസ്മയ ങ്ങൾ തീർത്ത് കെ.സി.വൈ.എം. സംസ്ഥാന സമിതിയുടെ കലോത്സവം ഉത്സവ് 2025 8 സോണു കളിലായി ഒരേ ദിവസം നടത്തപ്പെട്ട മത്സരത്തിന്റെ സോൺ ബി. യിൽ 10 ഇനങ്ങളിലും ഈരണ്ട് പേരെ വീതം പങ്കെടുപ്പിക്കാൻ താമരശ്ശേരി രൂപതാ കെ.സി.വൈ.എം. – എസ്.എം.വൈ.എംനു സാധിച്ചു.

### നവംബർ 08: ATHLETIKOSE 5.0 ഫുട്ബോൾ ടൂർണമെന്റ്

പാറോപ്പടി സിൽവർ ഹിൽസ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തപ്പെട്ട ഫുട്ബോൾ ടൂർണമെന്റ് ഫൊറോനാ വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ ഉദ്ഘാടനം ചെയ്തു. മത്സരത്തിൽ കരിയാത്തുംപാറ യൂണിറ്റ് ചാമ്പ്യൻസ് കിരീടവും, വിളക്കാംതോട് യൂണിറ്റ് ഫസ്റ്റ് റണ്ണേഴ്സ് അപ്പും നേടി. ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ആനിമേറ്റർ സി. റൊസീൻ SABS, രൂപത പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, ട്രഷറർ അബിൻ ആൻഡ്രൂസ്, സംസ്ഥാന സെനറ്റ് അംഗം അലൻ ബിജു, SMYM പ്രതിനിധി

അഞ്ജലി ജോയ്, മേഖലാ പ്രസിഡന്റ് ജോഫിൻ പട്ടോളിൽ എന്നിവർ ടൂർണമെന്റിന് നേതൃത്വം നൽകി.

### നവംബർ 16: മേഖലാ വാർഷിക സെനറ്റ്

2025 വർഷത്തെ വാർഷിക സെനറ്റുകൾക്ക് തുടക്കമായി. തിരുവമ്പാടി, തോട്ടുമുക്കം മേഖലകളിൽ വാർഷിക സെനറ്റുകൾ നടത്തപ്പെട്ടു. മേഖലകളുടെ റിപ്പോർട്ട് അവതരണവും തുടർന്ന് 2026 വർഷത്തേ ക്കുള്ള പുതിയ മേഖലാ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് റിച്ചാൾഡ് ജോൺ, ഡയറക്ടർ ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ, ജനറൽ സെക്രട്ടറി ആൽബിൻ ജോസ്, വൈസ് പ്രസിഡന്റ് ബോണി സണ്ണി, സംസ്ഥാന സെനറ്റ് അംഗം അലൻ ബിജു എന്നിവരുടെ സാന്നിധ്യം ഉണ്ടായിരുന്നു.

### നവംബർ 22, 23 ഉത്സവ് 2025 (സംസ്ഥാന കലാ മത്സരങ്ങൾ)

എറണാകുളം - അങ്കമാലി അതിരൂപതയുടെ ആതിഥേയത്വത്തിൽ തൃക്കാക്കര ഭാരത് മാതാ കോളേജിൽ, സംസ്ഥാന കെ.സി.വൈ.എം. കലാമത്സരങ്ങൾ രണ്ടു ദിവസങ്ങളിലായി നടത്തപ്പെടുന്നു.

### മേഖലാ വാർഷിക സെനറ്റുകൾ

| | | |
|---|---|---|
| 2025 നവംബർ 30, ഞായർ | 02:PM | വിലങ്ങാട് മേഖല |
| | 03:PM | മരുതോങ്കര മേഖല |
| 2025 ഡിസംബർ 07, ഞായർ | 02:PM | കൂരാച്ചുണ്ട് മേഖല |
| | 03:PM | താമരശ്ശേരി മേഖല |
| 2025 ഡിസംബർ 13, ശനി | 03:PM | കരുവാരക്കുണ്ട് മേഖല |
| 2025 ഡിസംബർ 14, ഞായർ | 02:PM | പെരിന്തൽമണ്ണ മേഖല |
| | 03:PM | മലപ്പുറം മേഖല |
| 2025 ഡിസംബർ 28, ഞായർ | 02:PM | പാറോപ്പടി മേഖല |
| | 03:30 PM | കോടഞ്ചേരി മേഖല |

**ഫാ. മാത്യു തെക്കേക്കരമറ്റത്തിൽ**
ഡയറക്ടർ, കെസിവൈഎം-എസ്എംവൈഎം

# പ്രവാസി അപ്പോസ്തോലേറ്റ്

പ്രവാസി അപ്പസ്തോലേറ്റ് ഖത്തർ ചാപ്റ്ററിന്റെ നാലാമത്തെ ഫാമിലി മീറ്റ് കഴിഞ്ഞ വെള്ളിയാഴ്ച നടന്നു. 110 കുട്ടികൾ പങ്കെടുത്തു. കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിവിധ ഗെയിമുകൾ, പാട്ട്, കുസൃതി ചോദ്യങ്ങൾ, സർപ്രൈസ് ഗിഫ്റ്റുകൾ, തട്ടുകട, വിഭവ സമൃദ്ധമായ ഡിന്നർ, ലേലം വിളി തുടങ്ങിയ പരിപാടികൾ എല്ലാവർക്കും പുതിയൊരു അനുഭവമായിരുന്നു.

അന്തരിച്ച കൂമ്പാറ ബേബി ചേട്ടന് ആദരാഞ്ജലികൾ അർപ്പിച്ചു. പ്രാർഥനയോടെ തുടങ്ങിയ യോഗത്തിന് റീബ സോജൻ സ്വാഗതം പറഞ്ഞു. ഖത്തർ കോർഡിനേറ്റർ സിജോ കുന്നേൽ, കൂട്ടായ്മയിലുള്ള 122 കുടുംബങ്ങളെ ഫൊറോന അടിസ്ഥാനത്തിൽ അവതരിപ്പിക്കുകയും, ഫൊറോന പ്രതിനിധികൾ അടങ്ങിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു. ഷൈജു, സൗബിൻ, സോളി സണ്ണി, അഞ്ചു, നവീൻ, സീനു, രാജ് എന്നിവരുടെ നേതൃത്വത്തിൽ കുട്ടികൾക്കും മുതിർന്നവർക്കുമുള്ള വിവിധ ഗെയിമുകൾ നടന്നു. മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ വിതരണം ചെയ്തു. ഫിനോജ്, പ്രതീഷ്, റോജിൻ, ക്രിസ്റ്റോ, ജിന്റോ, ജോബിഷ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന തട്ടുകട പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ അനുഭവമായി.

പ്രവാസികൾക്കുള്ള വിവിധ ക്ഷേമ പദ്ധതികളെ ബിജോയ് വർഗീസ് പരിചയപ്പെടുത്തി. സോജന്റെ നേതൃത്വത്തിൽ ആവേശകരമായ ലേലം വിളിയും നടന്നു. അഞ്ജു രാജ് നന്ദി പറഞ്ഞു. വിഭവസമൃദ്ധമായ അത്താഴവും ഒരുക്കിയിരുന്നു. ബന്ധങ്ങൾ ശിഥിലമാകുന്ന ഇക്കാലത്ത് ഇതുപോലെയുള്ള കൂട്ടായ്മകൾ കൂടുതലായി നടത്തണമെന്ന് എല്ലാവരും ആവശ്യപ്പെട്ടു.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, പ്രവാസി അപ്പോസ്തോലേറ്റ്

# മാതൃവേദി

## താമരശ്ശേരി രൂപത റൂബി ജൂബിലി കലാമത്സരങ്ങൾ (അമ്മോത്സവ്- 2K25)

താമരശ്ശേരി രൂപത റൂബി ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി താമരശ്ശേരി രൂപത മാതൃവേദി സംഘടിപ്പിച്ച കലാമത്സരങ്ങൾ (അമ്മോത്സവ് - 2K25) കുന്നമംഗലം സെന്റ് ജോസഫ് പള്ളിയിൽ നടന്നു. 11 മേഖലകളിൽ നിന്ന് 400 അമ്മമാർ 16 ഇനങ്ങളിൽ മാറ്റുരച്ചു. രൂപത ആനിമേറ്റർ സി. വിമല ജോസ് S H സ്വാഗതം പറഞ്ഞു. രൂപത ഡയറക്ടർ ഫാ. വർഗീസ് പനക്കൽ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഉദ്ഘാടനകർമ്മം പാറോപ്പടി ഫൊറോനാ വികാരി ഫാ. സൈമൺ കിഴക്കേകുന്നേൽ നിർവഹിച്ചു. പാറോപ്പടി മേഖലാ ഡയറക്ടർ ഫാ. ബിനോയി, കുന്നമംഗലം സെന്റ് ജോസഫ് ഇടവക വികാരി ഫാ. അനീഷ്, പുളിച്ചമാക്കൽ, രൂപത പ്രസിഡന്റ് സ്വപ്ന ഗിരീഷ് എന്നിവർ ആശംസകൾ നേർന്നു. കൂരാച്ചുണ്ട് മേഖല - ഓവറോൾ കിരീടം നേടി; മലപ്പുറം മേഖല ഫസ്റ്റ് റണ്ണറപ്പും, പാറോപ്പടി മേഖല, സെക്കന്റ് റണ്ണറപ്പും ആയി.

## ഡിസംബർ മാസത്തെ പ്രവർത്തനങ്ങൾ

1. മെഗാ മാർഗംകളി
   (രൂപതയിലെ മുഴുവൻ അമ്മമാരെയും സംഘടിപ്പിച്ചുകൊണ്ട് നടത്തുന്ന മാർഗംകളി)
2. 40-ാം വിവാഹ വാർഷികത്തിന്റെ ദമ്പതികളെ ആദരിക്കൽ
   (ഡിസംബർ 20ന്, ബിഷപ്പ് ഹൗസിൽ)
3. കരോൾ ഗാനമത്സരം, കുക്കറി ഷോ (ഇടവക തലത്തിൽ)
   എന്നീ പരിപാടികൾ നടത്തുന്നു.

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, മാതൃവേദി

# കുടുംബകൂട്ടായ്മ

**1. ഫൊറോന കൺവെൻഷനുകൾ**

ഓരോ ഫൊറോനയിലും ഉൾപ്പെട്ടിട്ടുള്ള ഇടവകകളിലെ എല്ലാ കുടുംബകൂട്ടായ്മ ഭാരവാഹികളെയും പ്രസിഡന്റ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തികൊണ്ട് കൺവെൻഷനുകൾ ആരംഭിച്ചു.

**2. രൂപതയിലെ എല്ലാ ഇടവകകളിലുമുള്ള ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെയും കുടുംബങ്ങളുടെയും ക്രിസ്തുമസ് സംഗമം.**

ഡിസംബർ 18 വ്യാഴാഴ്ച രാവിലെ പുതുപ്പാടി സെന്റ് ജോർജ് പള്ളി ഓഡിറ്റോറിയത്തിൽ നടത്തുന്നു.

**3. റൂബി ജൂബിലി 'വചന വെയിൽ'**

കേന്ദ്ര ഓഫീസിൽനിന്നും നൽകുന്ന 40 ദൈവവചനങ്ങളുടെ എഴുത്തു പരീക്ഷ ഇടവക ഫൊറോന രൂപതാ തലത്തിൽ നടത്തുന്നു.

**കുടുംബക്കൂട്ടായ്മ മേഖല മീറ്റിംഗ്**

| തീയതി | മേഖല | സമയം |
|---|---|---|
| ഡിസംബർ 01 | തിരുവമ്പാടി മേഖല | ഒന്നാം ഘട്ടം<br>03:PM - 06 PM |
| ഡിസംബർ 02 | പെരിന്തൽമണ്ണ മേഖല | 03:PM - 06 PM |
| ഡിസംബർ 03 | തിരുവമ്പാടി മേഖല (കൂടരഞ്ഞി) | രണ്ടാം ഘട്ടം<br>03:PM - 06 PM |
| ഡിസംബർ 04 | കോടഞ്ചേരി മേഖല | 05:PM - 08 PM |
| ഡിസംബർ 05 | കൂരാച്ചുണ്ട് മേഖല | 03:PM - 06 PM |

**ഫാ. വർഗീസ് പനയ്ക്കൽ**
ഡയറക്ടർ, കുടുംബകൂട്ടായ്മ



# ബഥാനിയ ധ്യാനകേന്ദ്രം

*'അവന്റെ മുറിവിനാൽ നിങ്ങൾ സൗഖ്യമുള്ളവരാക്കപ്പെട്ടിരിക്കുന്നു'*
*(1 പത്രോ 2, 24)*

## ധ്യാനങ്ങൾ

ഈ മാസം 8, 9 തീയതികളിലായി വിൻസെന്റ് ഡി പോൾ സൊസൈറ്റി യിലെ അംഗങ്ങൾക്ക് വേണ്ടി സംഘടിപ്പിച്ച ധ്യാനത്തിൽ 280 പേർ പങ്കെടുത്തു. സംഘടനാ അംഗങ്ങളെല്ലാവരും പുത്തൻ ചൈതന്യ ത്തോടെയാണ് മടങ്ങിയത്. ഈ മാസം 14 മുതൽ 17 വരെ ദിവസങ്ങളിലും 28 മുതൽ ഡിസംബർ 1 വരെ ദിവസങ്ങളിലും ജീവിത വിശുദ്ധീകരണ ധ്യാനങ്ങൾ നടത്തപ്പെട്ടു. രണ്ടു ധ്യാനങ്ങളിലും ധാരാളം ആളുകൾ പങ്കെടുത്തു. 21 മുതൽ 25 തീയതികളിലായി താമരശ്ശേരി രൂപതയുടെ മൈനർ സെമിനാരിയിലെ വൈദിക വിദ്യാർഥികൾക്ക് വേണ്ടിയുള്ള ധ്യാനം നടത്തപ്പെട്ടു. ധ്യാനങ്ങൾ ബഥാനിയാ ടീം നയിച്ചു. അഭിവന്ദ്യ പിതാവ് ധ്യാനദിവസങ്ങളിൽ വിശുദ്ധ കുർബാന അർപ്പിച്ച് പ്രാർഥിച്ചു.

## ഏകദിന കൺവെൻഷൻ

നവംബർ മാസം എല്ലാ വെള്ളിയാഴ്ചകളിലും കൺവെൻഷനുകൾ നടന്നു. ഒട്ടനവധി ആളുകൾ പങ്കെടുത്തു. കുമ്പസാരിക്കാൻ ഉള്ള അവസരം അനേകം ആളുകൾ ഈ ദിവസങ്ങളിൽ പ്രയോജന പ്പെടുത്തി. രാവിലെ 9.30ന് ആരംഭി ക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## ആദ്യവെള്ളി കൺവെൻഷൻ

നവംബർ മാസം ഏഴാം തീയതി ആദ്യവെള്ളിയാഴ്ച, ആവേ മരിയ ഹാളിൽ നടന്ന ഏകദിന ശുശ്രൂഷയിൽ ആയിരങ്ങളാണ് പങ്കെടുത്തത്.

രാവിലെ 9 മണിക്ക് ആരംഭിക്കുന്ന കൺവെൻഷനിൽ വിശുദ്ധ കുരിശിന്റെ വഴി, ജപമാല, സ്തുതി ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, വിടുതൽ ശുശ്രൂഷ, വിശുദ്ധ കുർബാന, വിശുദ്ധ കുമ്പസാരം, വചനസന്ദേശം, സ്പിരിചൽ ഷെയറിങ് തുടങ്ങിയവ ഉണ്ടായിരുന്നു.

## വിശുദ്ധ കുർബാനയും കുമ്പസാരവും

തിങ്കൾ മുതൽ ശനി വരെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വിശുദ്ധ കുർബാന ഉണ്ടായിരുന്നു. വിശുദ്ധ കുമ്പസാരത്തിനുള്ള

അവസരവും എല്ലാ ദിവസവും ക്രമീകരിച്ചി രുന്നു. ഡിസംബർ മാസത്തിൽ 25 നോമ്പിന്റെ ദിവസങ്ങളിൽ ഞായറാഴ്ച ഒഴികെ എല്ലാ ദിവസവും രാവിലെ 6 മണിക്കും ഉച്ചയ്ക്ക് 12 മണിക്കും വൈകുന്നേരം 7 മണിക്കും വിശുദ്ധ കുർബാന ഉണ്ടായിരിക്കും.

## സ്പിരിചൽ ഷെയറിങ്ങും മധ്യസ്ഥപ്രാർഥനയും

ഞായർ ഒഴികെ എല്ലാ ദിവസവും മധ്യസ്ഥപ്രാർഥന ഉണ്ടായിരുന്നു. ബഥാനിയായിലെ വിവിധ ചാപ്പലുകളിൽ നടക്കുന്ന ഈ പ്രാർഥന നയിക്കുന്നത് പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ശുശ്രൂഷകരാണ്. ഈ ദിവസങ്ങളിലെല്ലാം സ്പിരിചൽ ഷെയറിങ്ങിനുള്ള അവസരവും ഉണ്ടായിരുന്നു.

## ഡിസംബർ മാസത്തിലെ ശുശ്രൂഷകൾ

| | | |
|---|---|---|
| 05 | ആദ്യവെള്ളി | - ഏകദിന കൺവെൻഷൻ |
| 12 | വെള്ളി | - ഏകദിന കൺവെൻഷൻ |
| 19 | വെള്ളി | - ഏകദിന കൺവെൻഷൻ മീറ്റ് |
| 19 - 22 | | - ജീവിതവിശുദ്ധീകരണ ധ്യാനം |

**ഫാ. റോണി പോൾ കാവിൽ**
ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# സ്റ്റാർട്ട് (START)

## Buon Natale 2025

താമരശ്ശേരി രൂപതയുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ സ്റ്റാർട്ടിൽ (START), ഇത്തവണത്തെ ക്രിസ്തുമസ് ആഘോഷം 2025 ഡിസംബർ 21 ന് ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് നടത്തപ്പെടും.

സ്സ്റ്റാർട്ടിലെ വിദ്യാർഥികൾക്കും അധ്യാപകർക്കുമൊപ്പം അയൽ വാസികളായ കുടുംബങ്ങളും, സമർപ്പിതരും ആഘോഷത്തിൽ പങ്കെടുക്കുന്നു. രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവിന്റെ സാന്നിധ്യം ഈ ക്രിസ്തുമസ് സന്തോഷത്തിന് മാറ്റുകൂട്ടും.

ഈ വർഷത്തെ ആഘോഷം സ്റ്റാർട്ടിന്റെ ഇരുപതാം വാർഷികത്തിന്റെ ഭാഗമായാണ് നടക്കുന്നത്. അതോടൊപ്പം, പൂർവവിദ്യാർഥികളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംഗമവും ഉണ്ടായിരിക്കുന്നതാണ്.

## CUET Crash Course സെൻട്രൽ യൂണിവേഴ്സിറ്റി പ്രവേശന പരീക്ഷാ പരിശീലനം

സെൻട്രൽ യൂണിവേഴ്സിറ്റികളിലെ ബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശന പരീക്ഷയായ CUET - UG ക്കായി സ്റ്റാർട്ട് അക്കാദമി തീവ്ര പരിശീലന കോഴ്സ് നടത്തുന്നു. കോഴ്സ് കാലയളവ്: 3 മാസം (ജനുവരി 2026 മുതൽ മാർച്ച് 2026 വരെ). ക്ലാസ്സുകൾ: എല്ലാ ശനി, ഞായർ ദിവസങ്ങളിലായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി സ്റ്റാർട്ട് സ്ഥാപനവുമായി ബന്ധപ്പെടുക. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക് https://www.startindia.org/online.

## സ്റ്റാർട്ട് AI & Python കോഴ്സ് നാലാം പതിപ്പ്

സ്റ്റാർട്ട് അക്കാദമിയുടെ AI & Python കോഴ്സിന്റെ നാലാം പതിപ്പ് ആരംഭിച്ചിരിക്കുന്നു. നാൽപ്പതോളം വിദ്യാർഥികൾ പങ്കെടുക്കുന്നു. എല്ലാ മാസവും ആദ്യ ശനിയാഴ്ച പുതിയ ബാച്ചിലേക്ക് അഡ്മിഷൻ സ്വീകരിക്കുന്നതും ക്ലാസുകൾ ആരംഭിക്കുന്നതുമാണ്. രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്: https://www.startindia.org/online, Contact: 0495-2357843, 9037107843, 9744458111 Web: www.startindia.org| Email:startcalicut22@gmail.com

## മോൺ. ആന്റണി കൊഴുവനാൽ സ്മാരക ദ്വിതീയ അഖില കേരള പ്രസംഗ മത്സരം 2025

ആശയങ്ങളെ വാക്കുകളിലേക്ക്, വാക്കുകളെ വെളിച്ചത്തിലേക്ക് സമൂഹത്തിൽ ആത്മീയവും സാംസ്കാരികവുമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്നതിനും, യുവജനങ്ങളുടെ ആശയവിനിമയ വൈഭവവും മൂല്യങ്ങളും പരിപോഷിപ്പിക്കുന്നതിനുമായി സെന്റ് തോമസ് അക്കാദമി റിസർച്ച് ആൻഡ് ട്രെയിനിംഗ് (START) മോൺ. ആന്റണി കൊഴുവനാൽ സ്മാരക പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു. കേരളമെമ്പാടുമുള്ള പ്രസംഗ പ്രതിഭകൾക്കായി ഇതാ വീണ്ടും ഒരു വേദി. മികച്ച പ്രകടനം കാഴ്ചവെക്കുന്നവർക്കായി താഴെ പറയുന്ന സമ്മാനങ്ങൾ നൽകുന്നതാണ്:

ഒന്നാം സമ്മാനം: Rs. 15,000 രണ്ടാം സമ്മാനം: Rs. 10,000 മൂന്നാം സമ്മാനം: Rs. 5,000

**മത്സരം രണ്ട് പ്രധാന വിഭാഗങ്ങളിലായി നടത്തപ്പെടുന്നു.**

വിഭാഗം 1 : (ജൂനിയർ) 18 വയസ്സുവരെ (കുട്ടികൾ ഉൾപ്പെടെ) (സ്കൂൾ/കോളേജ് വിദ്യാർഥികളും യുവജനങ്ങളും)

വിഷയം : **"ഡിജിറ്റൽ യുഗത്തിലെ വിശ്വാസവും ധാർമികതയും".** (Faith and Ethics in the Digital Age)

വിഭാഗം 2 : (സീനിയർ) 19 വയസ്സു മുതലുള്ളവർക്ക് (പ്രായ പരിധിയില്ല) (അൽമായർ, സെമിനാരി വിദ്യാർഥികൾ, സന്യസ്തർ)

**വിഷയം : "വിദേശ കുടിയേറ്റവും പഠനവും: പ്രതീക്ഷയും പ്രതിസന്ധിയും".** (Overseas Migration and Education: Hope and Crisis)

**നിബന്ധനകൾ :**

- ആദ്യ റൗണ്ട് മത്സരം റെക്കോർഡ് ചെയ്ത വീഡിയോ മുഖേനയായിരിക്കും നടത്തപ്പെടുക.
- പ്രസംഗത്തിന്റെ പരമാവധി ദൈർഘ്യം 5 മിനിറ്റ് ആയിരിക്കും.
- പ്രസംഗം എഡിറ്റ് ചെയ്യാതെ, ക്യാമറയിൽ നിന്ന് നേരിട്ട് ഒറ്റത്തവണയായി (Single Take) റെക്കോർഡ് ചെയ്ത് അയയ്ക്കുക.
- റെക്കോർഡ് ചെയ്ത വീഡിയോ താഴെ കാണുന്ന ഇ-മെയിൽ വിലാസത്തിലേക്ക് അയയ്ക്കുക: startcalicut22@gmail.com
- വീഡിയോ അയയ്ക്കേണ്ട അവസാന തീയതി: 15 ഡിസംബർ 2025

- ഓരോ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന പത്ത് പേർ വീതം (ആകെ 20 പേർ) ഫൈനൽ റൗണ്ടിലേക്ക് യോഗ്യത നേടുന്നതാണ്.
- ഫൈനൽ റൗണ്ട് START കാമ്പസിൽ വെച്ച് നേരിട്ട് (In-Person) 2026 ജനുവരി 2 ന് നടക്കുന്നതായിരിക്കും.

**ഫാ. ജേക്കബ് കിഴക്കേവീട്ടിൽ**
ഡയറക്ടർ, സ്റ്റാർട്ട്

## ജീസസ് ഫ്രട്ടേണിറ്റി

തടവറ സഹോദരങ്ങൾക്കുവേണ്ടിയുള്ള ശുശ്രൂഷകളും പ്രാർഥനകളും വി. ബലിയും എല്ലാ മാസവും വിവിധ കേന്ദ്രങ്ങളിൽ നടക്കുന്നു. ഒക്ടോബർ 28 മുതൽ 31 വരെ മൂവാറ്റുപുഴയിൽ നടന്ന ഇന്റർനാഷണൽ കൺവെൻഷനിൽ ഡയറക്ടർ ഫാ. സൈമൺ കിഴക്കേകുന്നേൽ, ചാക്കോ കാട്ടാംകോട്ടിൽ എന്നിവർ പങ്കെടുത്തു. കോഴിക്കോട് സോണിലെ പ്രവർത്തകർക്കുവേണ്ടി ഔട്ടിംഗ് സംഘടിപ്പിച്ചു. ഒറ്റപ്പെട്ടുപോയ ഒരു വയോധികന് ഒക്ടോബർ മാസത്തിൽ സംരക്ഷണം നൽകി സഹായിച്ചു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

## ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് (JPI)

പോപ്പ് ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൗൺസിലിങ് ആൻഡ് സൈക്കോതെറാപ്പി താമരശ്ശേരി രൂപതയുടെ മേൽനോട്ടത്തിൽ കൗൺസിലിങ്, സൈക്കോളജി എന്നീ മേഖലകളിൽ ഗവേഷണ ത്തിനും പരിശീലനത്തിനുമുള്ള സ്ഥാപനമാണ്. അടിസ്ഥാന കൗൺസിലിങ് കഴിവുകൾ, കൗൺസിലിങ് സിദ്ധാന്തങ്ങൾ, പരിശീലനങ്ങൾ എന്നിവ സമന്വയിപ്പിക്കാൻ രൂപകല്പ്പന ചെയ്ത ഒരു പാഠ്യപദ്ധതിയിലൂടെയാണ് ഈ ലക്ഷ്യം കൈവരിക്കുന്നത്.

ഡയറക്ടർ ഫാ. കുര്യൻ പുരമഠത്തിലിന്റെ നേതൃത്വത്തിൽ ദിവസേന കൗൺസിലിങ്ങും, കൗൺസിലിംഗ് ക്ലാസുകളും, ഓഫ് ലൈനായും, ഓൺ

ലൈനായും, നടക്കുന്നു. സൗജന്യ കൗൺസിലിംഗ് സേവനവും ഇവിടെ നല്കപ്പെടുന്നു. കൗൺസിലിങ്ങിനായി കപ്പുച്ചിൻ സഭാംഗ മായ ഫാ. ജോജി പെരുംപ്പെട്ടിക്കുന്നേൽ OFM cap (അസിസ്റ്റന്റ് പ്രൊഫസർ ആൻഡ് സൈക്കോ തെറാപ്പിസ്റ്റ്) സേവനവം ജെപിഐയിൽ ലഭ്യമാണ്.

### കോഴ്സുകൾ

1. എം എസ് സി ഇൻ കൗൺസിലിംഗ് സൈക്കോളജി (ഓഫ് ലൈൻ)
2. എം എസ് സി ഇൻ ഗൈഡൻസ് ആൻഡ് കൗൺസിലിംഗ് (ഓൺലൈൻ )

### അറിയിപ്പ്

ആത്മഹത്യയും ഡിപ്രെഷനും വർധിച്ചുവരുന്ന സാഹചര്യത്തിൽ വ്യക്തികളെ മാനസികമായി പിന്തുണക്കാനും അവരെ സഹായിക്കു വാനും പ്രവർത്തന സജ്ജമായ 'ഹോപ്പ് ലൈൻ' എന്ന എമർജൻസി ഹെൽപ് ലൈൻ നിലവിൽ പ്രവർത്തിച്ചുവരുന്നു. സംസാരിക്കുന്ന തിനായി രാവിലെ 8 മുതൽ രാത്രി 8 വരെയുള്ള സമയങ്ങളിൽ 0495-3523636 നമ്പറിൽ ബന്ധപ്പെടുക.

**ഫാ. കുര്യൻ പുരമഠത്തിൽ**
ഡയറക്ടർ, ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## വികസനവേദി

### താമരശ്ശേരിയിൽ 'സേഫ് വിതിൻ റീകണക്ട് വയനാട്, വിലങ്ങാട്' പദ്ധതി ബി ഫ്രണ്ടിങ് പരിശീലന ശില്പശാല

ഇന്റർനാഷണൽ ഡേ ഫോർ ഡിസാസ്റ്റർ റിസ്ക്ക് റെഡക്ഷൻ (ഒക്ടോബർ 13) ആചരിക്കുന്നതിന്റെ ഭാഗമായി COD താമരശ്ശേരി നടപ്പാക്കുന്ന കാരിതാസ് ഇന്ത്യയുടെ "Safe Within - Reconnect Wayanad and Vilangad" പദ്ധതിയുടെ ഭാഗമായി ദുരന്ത പ്രതിരോധ ബോധവൽകരണ ക്ലാസ് സംഘടിപ്പിച്ചു. ഒക്ടോബർ 23 ന് വിലങ്ങാട് പാരിഷ് ഹാളിൽ നടന്ന ഈ ബോധവത്കരണ ക്ലാസ് ദുരന്ത തയ്യാറെടുപ്പ് ശക്തിപ്പെടുത്തുന്നതിനെ ലക്ഷ്യമിട്ടായിരുന്നു. ശ്രീമതി ഷാനി ജോസഫ് (കമ്മ്യൂണിറ്റി മൊബിലൈസർ), സി. അംബിളി, ജാൻസൺ (സോഷ്യൽ വർക്ക് ട്രെയിനി) എന്നിവർ ചേർന്ന് ക്ലാസ്സിന് നേതൃത്വം നൽകി. കുടുംബനിരപ്പിൽ സുരക്ഷാ പദ്ധതിയൊരുക്കൽ, മുൻകരുതൽ മുന്നറിയിപ്പ് സംവിധാനങ്ങളുടെ

പ്രാധാന്യം, അടിയന്തരസാഹചര്യങ്ങളിൽ സ്വീകരിക്കേണ്ട ആദ്യ പ്രതികരണ നടപടികൾ എന്നീ പ്രധാന വിഷയങ്ങളായിരുന്നു പരിശീലനത്തിന്റെ ഭാഗമായി അവതരിപ്പിച്ചത്.

മൊത്തം 48 പേർ ക്ലാസിൽ പങ്കെടുത്തു. കുടുംബത്തിൽ ദുരന്തകിറ്റ് തയ്യാറായി സൂക്ഷിക്കൽ, ആവശ്യമുള്ള രേഖകളുടെ സുരക്ഷിത സംരക്ഷണം എന്നിവയുടെ ആവശ്യകതയും സെഷനിൽ പ്രത്യേക മായി അടിവരയിട്ടു. പരിപാടിയുടെ ഭാഗമായി എല്ലാ പങ്കാളികളും ദുരന്തബോധവുമായി ബന്ധപ്പെട്ട സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന പോസ്റ്ററുകൾ തയ്യാറാക്കി, സൃഷ്ടിപരവും പങ്കാളിത്തപരവും ആയ ഈ പ്രവർത്തനം പ്രധാന ബോധവത്കരണ കാര്യങ്ങൾ കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ സഹായിച്ചു.

താമരശ്ശേരി: സേഫ് വിതിൻ റീകണക്ട് വയനാട് ആൻഡ് വിലങ്ങാട് പദ്ധതിയുടെ ഭാഗമായി സിഒഡിയുടെ നേതൃത്വത്തിൽ കാരിതാസ് ഇന്ത്യയുടെ സഹകരണത്തോടെ ഒരു ദിവസത്തെ ബി ഫ്രണ്ടിങ് പരിശീലന ശില്പശാല (14 നവംബർ 2025) താമരശ്ശേരി അൽഫോൻസ ഹാളിൽ സംഘടിപ്പിച്ചു. ശ്രദ്ധേയമായ കൗൺസലിങ് കഴിവുകളെയും സൈക്കോളജിക്കൽ ഫസ്റ്റ് എയ്ഡിനെയും ആസ്പദമാക്കി സി. ദിവ്യ SD , സി. ഷൈനി SH, സി. ലില്ലി മാത്യു MSH, എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

പരിശീലന പരിപാടി ഫാ. തോമസ് പാറൻകുളങ്ങര ഉദ്ഘാടനം ചെയ്തു. കാരിതാസ് ഇന്ത്യയുടെ സംസ്ഥാന ഓഫീസർ ശ്രീ. അബീഷ് ആന്റണി, ശ്രീ. സിദ്ധാർത്ഥ് എസ്. നാഥ്, ശ്രീമതി ഷാനി ജോസഫ് എന്നിവർ ആശംസാ സന്ദേശങ്ങളും പ്രോത്സാഹന വചനങ്ങളും പങ്കുവച്ചു. സേഫ് വിത്തിൻ പ്രോജക്ടിന്റെ സംസ്ഥാന ലോഞ്ചിംഗ് നവംബർ 1 ന് ശ്രേയസ് സുൽത്താൻ ബത്തേരിയിൽ വെച്ച് കാരിതാസ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ആർ ജേസുദാസ് ഉദ്ഘാടനം നിർവഹിച്ചു.

ഡിസംബർ 1 ന് രൂപതാ തലത്തിലുള്ള ലോഞ്ചിംഗ് താമരശ്ശേരി രൂപതാധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയുടെ അധ്യക്ഷത യിൽ കാരിതാസ് ഇന്ത്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ബെന്നി ഇടയത്ത് നിർവഹിക്കും.

### കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതി

കെസിബിസി വിലങ്ങാട് പുനരധിവാസ പദ്ധതിയുടെ ഭാഗമായി 66 വീടുകളിൽ 60 വീടുകളുടെ തറക്കല്ലിടൽ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതിൽ 30 വീടുകൾ പൂർണമായും നിർമ്മിച്ച് താമസയോഗ്യമാക്കി.

നവംബർ 20 ന് ഇരിങ്ങാലക്കുട രൂപതയുടെ സഹായത്തോടെ നിർമ്മിക്കുന്ന 10 വീടുകളിൽ 6 വീടുകൾ ഇരിങ്ങാലക്കുട രൂപത ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ, മാർ റെമീജിയോസ് ഇഞ്ചനാനിയിൽ എന്നിവർ ചേർന്ന് വെഞ്ചരിപ്പ് കർമ്മം നിർവഹിച്ചു. ചടങ്ങിൽ കെ.എസ്.എസ്.എഫ് ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ, താമരശ്ശേരി രൂപത വികാരി ജനറൽ മോൺ. ജോയിസ് വയലിൽ, ഇരിങ്ങാലക്കുട രൂപത വികാരി ജനറൽ മോൺ. ജോളി വടക്കൻ, ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറം ഡയറക്ടർ ഫാ. തോമസ് നട്ടേക്കാടൻ, താമരശ്ശേരി സിഒഡി ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര തുടങ്ങിയവർ സന്നിഹിതരായി.

നവംബർ 27ന് CMI ബാഗ്ലൂരിന്റെ സഹായത്തോടെ തലശ്ശേരിയിലും, 29ന് അപ്പസ്തോലിക് കാർമൽ കോൺഗ്രിയേഷന്റെ സാഹായത്തോടെ ചക്കിട്ടപാറയിലും, 30ന് JDT വെള്ളിമാടുകുന്നിന്റെ സഹായത്തോടെ വിലങ്ങാടും 3 വീടുകൾകൂടി പൂർത്തിയാകും. ബാക്കി വീടുകളുടെ വെഞ്ചരിപ്പ് ഡിസംബർ, ജനുവരി മാസത്തിൽ നിർവഹിക്കും

## കാർഷിക വായ്പ വിതരണം

സിഒഡിയുടെ നേതൃത്വത്തിൽ കനറാ ബാങ്കുമായി സഹകരിച്ച് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കുവേണ്ടി കാർഷിക വായ്പ ക്യാമ്പ് സംഘടിപ്പിച്ചു. താമരശ്ശേരി, തിരുവമ്പാടി കനറാ ബാങ്ക്മായി സഹകരിച്ചു വിലങ്ങാട്, കൂരാച്ചുണ്ട് എന്നീ ഗ്രാമവികസന സമിതികളുടെ കീഴിലുള്ള 30 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കു വായ്പ വിതരണം നടത്തുകയും 59 ജെഎൽജി വായ്പകൾ പുതുക്കി നൽകുകയും ചെയ്തു. ബാങ്ക് സ്റ്റാഫ്, COD സ്റ്റാഫ് എന്നിവർ നേതൃത്വം നല്കി.

## ശിശുദിനം

തിരുവമ്പാടി ഗ്രാമ വികസന സമിതിയുടെ നേതൃത്വത്തിൽ 14-11-25, ശിശുദിനം - സെന്റ് മേരിസ് നേഴ്സറി സ്കൂളിലെ കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകിക്കൊണ്ട് ശിശുദിനം ആഘോഷിച്ചു, ഹെഡ്മിസ്ട്രസ് സി. ഫ്രൈസ് SABS, സി. ലൂസി SABS ഉദ്ഘാടനം ചെയ്തു, GVS പ്രസിഡന്റ് മേരിക്കുട്ടി ദേവസ്യ കോഡിനേറ്റർ റെനി സാബു എന്നിവർ ആശംസകൾ അർപ്പിച്ചു. പിടിഎ പ്രസിഡണ്ട് ജെയ്സ് നന്ദിയും പറഞ്ഞു. കുഞ്ഞുങ്ങളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. അവർക്ക് സമ്മാനദാനങ്ങൾ നൽകി

കൂരാച്ചുണ്ട് ജീവിഎസിന്റെ നേതൃത്വത്തിൽ കാറ്റുള്ളമല മഹിള സമാജം അംഗൻവാടിയുമായി സഹകരിച്ച് ശിശുദിനം നടത്തി. മഹിള സമാജ പ്രസിഡണ്ട് മേരി മാത്യു തെങ്ങുപള്ളി കുട്ടികളുടെ റാലിക്ക് നേതൃത്വം നൽകി. അംഗൻവാടി

ടീച്ചർ നിർമല രാധാകൃഷ്ണൻ, അംഗൻവാടി ഹെൽപ്പർ ദേവി രാജൻ, COD ഏരിയ കോർഡിനേറ്റർ മോളി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി. കുട്ടികളുടെ റാലിക്കു ശേഷം വിവിധ മത്സരപരിപാടികൾ നടത്തി സമ്മാനങ്ങൾ നല്കി

### പ്രമേഹ ദിനാചരണം

കാററുള്ളമല സാന്ത്വന സ്വയം സഹായ സംഘം നവംബർ 14-ാം തീയതി പ്രമേഹദിനം ആചരിച്ചു. കൂരാച്ചുണ്ട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലെ J PH N - നോബൾ എ എം/MLSP ശില്പ ഡോമിനിക്ക് എന്നിവർ ജീവിതശൈലി രോഗനിർണ്ണയ ക്യാമ്പിന് നേതൃത്വം നൽകി. മോളി സെബാസ്റ്റ്യൻ ഏരിയ കോർഡിനേറ്റർ പരിപാടി ഉദ്ഘാടനം ചെയ്തു.

വെറ്റിലപ്പാറ ഗ്രാമവികസന സമിതിയുടെ നേതൃത്വത്തിൽ 14/11/2025 ന് വെറ്റിലപ്പാറ GVS ഓഫീസിൽ വച്ച് പ്രമേഹ രോഗനിർണ്ണയ ക്യാമ്പ് നടത്തി. വെറ്റിലപ്പാറ PHC യിലെ സ്റ്റാഫ് വിജിഷ ആർ രക്ത നിർണ്ണയം നടത്തി ക്ലാസ് എടുത്തു. ആശാവർക്കർ മിനി സാജു, GVS പ്രധിനിധികൾ, ഏരിയ കോഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു.

### SHG വാർഷികം

മലയങ്ങാട് റോസ്മേരി സംഘം വാർഷികം നടത്തി. ഏരിയ കോർഡിനേറ്റർ ഉഷ ജോണി, ജിവിഎസ് ഭാരവാഹികളായ റെനി, വിജി, ആൻസി എന്നിവർ പങ്കെടുത്തു. സംഘത്തിന്റെ പ്രാധാന്യത്തെ പറ്റി ക്ലാസ് കൊടുത്തു. അതിനുശേഷം ഏരിയാ കോഡിനേറ്റർ ഉഷ ജോണിക്ക് പ്രസന്റേഷൻ കൊടുത്തു ആദരിച്ചു. എല്ലാവരും ഒന്നിച്ച് ഉച്ചഭക്ഷണം കഴിച്ച് ദേശീയഗാനത്തോടെ യോഗം സമാപിച്ചു.

### സ്റ്റാഫ് യോഗം

2025 ഒക്ടോബർ 25 ന് ഏരിയ കോർഡിനേറ്റർമാരും അസിസ്റ്റന്റ് ഏരിയ കോർഡിനേറ്റർമാരും പങ്കെടുത്ത മാസം സ്റ്റാഫ് യോഗം നടന്നു. ഡയറക്ടർ ഫാ. തോമസ് പാറൻകുളങ്ങര, പ്രോഗ്രാം കോർഡിനേറ്റർ കെ.സി. ജോയ്, പ്രൊജക്റ്റ് ഓഫീസർ സിദ്ധാർത്ഥ് എസ്. നാഥ് എന്നിവരാണ് യോഗത്തിന് നേതൃത്വം നൽകിയത്. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിശദമായി അവലോകനം ചെയ്യുകയും പുരോഗതി ചർച്ച ചെയ്യുകയും ചെയ്തു. യോഗത്തിൽ വരും മാസത്തെ പ്രവർത്ത നങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

യോഗത്തിനിടെ, അക്കൗണ്ടുകളുടെ ലോഗ്ബുക്ക് ഡിജിറ്റലായി കൈകാര്യം ചെയ്യാൻ സഹായിക്കുന്ന ഒരു പുതിയ ആപ്ലിക്കേഷന്റെ ഡെമോ സെഷൻ ഒരു

സ്റ്റാർട്ടപ്പ് കമ്പനി അവതരിപ്പിച്ചു. പ്രവർത്തന ങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനും പേപ്പർ ഉപയോഗം കുറയ്ക്കാനും ലക്ഷ്യമിട്ടുള്ള ഈ ഡിജിറ്റൽ സംവിധാനം പ്രശംസ നേടി.

### സേഫ് ടെയ്‌ലറിംഗ് യൂണിറ്റ്

ഉപജീവനമാർഗങ്ങൾ ശക്തിപ്പെടുത്താനും സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട്, ബ്ലെസ്ഡ് ഫാർമർ പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡിന്റെ കീഴിൽ ഒരു തയ്യൽ യൂണിറ്റ് (സേഫ് ടെയ്‌ലറിംഗ് യൂണിറ്റ്) പ്രവർത്തിക്കുന്നു. പ്രദേശത്തെ വനിതകൾക്ക് നൈപുണ്യം അടിസ്ഥാനമാക്കിയുള്ള തൊഴിലവസരങ്ങൾ ഈ യൂണിറ്റ് നൽകുന്നു. കസ്റ്റം ടെയ്‌ലറിംഗ്, സ്കൂൾ യൂണിഫോമുകൾ, ആശുപത്രി യൂണിഫോമുകൾ, മറ്റ് തുന്നൽ സേവനങ്ങൾ എന്നിവ യൂണിറ്റ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, വികസനവേദി

## ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (LDS)

### അഡ്മിഷൻ പ്രവർത്തനങ്ങൾ

കർണാടകയിലെ വിവിധ കോളേജുകളിൽ LDS ടീമിന്റെ നേതൃത്വത്തിൽ അഡ്മിഷൻ നേടിയ വിദ്യാർഥികളെ അവരുടെ മാതാപിതാക്കൾക്കൊപ്പം കോളേജുകളിൽ എത്തിച്ച് ക്ലാസ് പ്രവേശനം നടത്തി. മൈസൂർ ഗോപാല ഗൗഡ കോളേജ്, ബാംഗ്ലൂർ സെന്റ് ബെനഡിക്ട് കോളേജ് തുടങ്ങിയ സ്ഥാപനങ്ങളിലാണ് ക്ലാസ് ആരംഭിച്ചത്.

നഴ്സിംഗ് (B.Sc Nursing, General Nursing, Post B.Sc), പാരാമെഡി ക്കൽ തുടങ്ങിയ കോഴ്സുകളിലേക്ക് അഡ്മിഷൻ പ്രവർത്തനങ്ങൾ സജീവമായി തുടരുന്നു. Contact: 9447929223

### ക്ലാസുകളും സെമിനാറുകളും

മേപ്പാടി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ SSLC വിദ്യാർഥികൾ ക്കായി MEMMORY TECHNIQUES AND LEARNING SKILLS എന്ന വിഷയത്തിൽ ക്ലാസുകൾ നൽകി. ക്ലാസ് നയിച്ചത് LDS ട്രെയിനർ ശ്രീ. മാത്യു മേൽവെട്ടം.

ക്രിസ്തുമസ് അവധിക്കാലത്ത് കുട്ടികൾക്കായി ക്യാമ്പ് നടത്തു വാനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു.

**DCL കലാമേള**

DCL കോഴിക്കോട് പ്രവിശ്യാതലത്തിലുള്ള തിരുവമ്പാടി, കോടഞ്ചേരി, കൂരാച്ചുണ്ട്, കോഴിക്കോട് സിറ്റി എന്നീ 4 മേഖലകളിൽ DCL കലാമേള നടന്നുകൊണ്ടിരിക്കുന്നു. വിവിധ മത്സരങ്ങളിൽ വിജയിക്കുന്ന വർക്കായുള്ള സമ്മാനങ്ങളും ഒപ്പം എത്തിച്ചേരുകയും സ്കൂളുകളിൽ വിതരണം ചെയ്യുകയും ചെയ്തു.

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, എൽ.ഡി.എസ്.

## താമരശ്ശേരി അഗ്രിക്കൾച്ചറൽ ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ - ഓപ്പറേറ്റീവ് സൊസൈറ്റി (TAFCOS)

നമ്മുടെ രൂപതയിൽ തുടങ്ങിയിട്ടുള്ള ഭാഗ്യവർഷ പദ്ധതി ഇടവകകൾ കേന്ദ്രീകരിച്ച് ഒരോ മേഖലയിലും വലിയ തോതിൽ ജനപങ്കാളിത്ത തോടെ ശക്തമായ പ്രവർത്തനം നടത്തിവരുന്നു. ഇപ്പോൾ നമ്മുടെ രൂപതയിലെ വിവിധ പാരിഷുകൾ കേന്ദ്രീകരിച്ച് സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിച്ച് വിവിധ തൊഴിൽ സംരഭങ്ങൾക്ക് 5 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി പ്രകാരം 5 കോടി രൂപക്ക് മുകളിൽ വായ്പ നൽകിയിട്ടുണ്ട്. സ്വർണ്ണ പണ്ട പണയത്തിന് മാർക്കറ്റ് വിലയുടെ 80% വരെ കുറഞ്ഞ പലിശ നിരക്കിൽ 10 ലക്ഷം രൂപ വരെ വായ്പ നൽകുന്നുണ്ട്. ചെറുകിടകച്ചവട/ബിസിനസ്/തൊഴിൽ മേഖല യിലുള്ളവർക്ക് പരസ്പര ജാമ്യത്തിൽ 1 ലക്ഷം രൂപ വരെ വ്യക്തിഗത വായ്പയും നൽകുന്നു.

1 ലക്ഷം, 2 ലക്ഷം രൂപയുടെ വിവിധ സല: ചിട്ടികളും (ഗ്രൂപ്പ് നിക്ഷേപം) സൊസൈറ്റി നടത്തിവരുന്നു. യാതൊരു ചാർജും ഈടാക്കാതെ മൊബൈൽ ആപ്പ് മുഖേന NEFT/ RTGS സേവനങ്ങളും നൽകി വരുന്നു. ആരോഗ്യ/വാഹന ഇൻഷ്വറൻസിന്റെ കോ-ഓപ്പറേറ്റ് ഏജൻസിയായും സൊസൈറ്റി പ്രവർത്തിക്കുന്നു. നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശയും സുരക്ഷയും സൊസൈറ്റി വാഗ്ദാനം ചെയ്യുന്നു. സ്ഥിര നിക്ഷേപങ്ങൾക്ക് 8.50% പലിശയും സേവിഗ്സ് നിക്ഷേപ ങ്ങൾക്ക് ദിനംപ്രതി 4% പലിശയും സൊസൈറ്റി നൽകി വരുന്നുണ്ട്. പ്രതിദിന നിക്ഷേപ പദ്ധതി പ്രകാരം കളക്ഷൻ ഏജന്റുമാർ മുഖാന്തിരം വ്യാപാര/കച്ചവട/തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും പണം

കളക്ഷനെടുക്കുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തി യിട്ടുണ്ട്. ലോക്കർ സൗകര്യവും സൊസൈറ്റിയിൽ ലഭ്യമാണ്.

സൊസൈറ്റി സേവനങ്ങൾക്ക് ബന്ധപ്പെടുക ഫോൺ: 0495-2223906, 6282914112, 8075061960

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, TAFCOS

## Institute of Food and Agricultural Ethics (IFAE)

ഭക്ഷ്യ - കാർഷിക ധാർമികതയെ സമർപ്പിതമായി പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്ന ഇന്ത്യയിലെ ആദ്യ സ്ഥാപനമാണ് ഇഫ (IFAE). താമരശ്ശേരി രൂപതയുടെ നേതൃത്വ ത്തിൽ പ്രവർത്തിക്കുന്നു. Ph: 9946646205

### ബയോഡൈവേഴ്സിറ്റി അഗ്രികൾച്ചറൽ നഴ്സറി

ഏറ്റവും മികച്ചതും, വിശ്വസ്തവുമായ ഫലവൃക്ഷങ്ങൾ, നാണ്യവിള തൈകൾ, അലങ്കാര ചെടികൾ, വിത്തുകൾ, ചെടിച്ചട്ടികൾ, ജൈവവളം, ജൈവകീടനാശിനികൾ, ഉപകരണ ങ്ങൾ എന്നിവ ഇവിടെ ലഭ്യമാണ്. ബിഷപ്പ് ഹൗസിനു സമീപം പ്രവർത്തിക്കുന്നു.

### ബയോഡൈവേഴ്സിറ്റി അഗ്രി ഫാം

ഇഫയുടെ നേതൃത്വത്തിൽ തെയ്യപ്പാറ എസ്റ്റേറ്റിൽ കാർഷിക ഫാമിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

### കിസാൻഭാരത് വെബ് പോർട്ടൽ

ഇടനിലക്കാരില്ലാത്ത സൗജന്യ കാർഷിക ഓൺലൈൻ മാർക്കറ്റിംഗ് പ്ലാറ്റ്ഫോം. www.kisanbharath.com

**കിസാൻ ലൈൻ:** സൗജന്യ കാർഷിക ഹെൽപ്പ് ലൈൻ, ടോൾഫ്രീ നമ്പർ: 1800425377. www.kisanline.com

**ഫാ. തോമസ് പാറൻകുളങ്ങര**
ഡയറക്ടർ, IFAE

# ഇൻഫാം

## ഇൻഫാം അംഗത്വ രജിസ്ട്രേഷനുകൾ

സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി താമരശ്ശേരി രൂപതയിൽ ഈ മാസം 750 പുതിയ ഇൻഫാം അംഗത്വ രജിസ്ട്രേഷനുകൾ പൂർത്തിയായി. കുളത്തുവയൽ, നരിനട, ചെമ്പനോട, കല്ലുരുട്ടി, ചെമ്പുകടവ്, വലിയകൊല്ലി പ്രദേശങ്ങളിലെ ഇടവകകളിൽ നിന്ന് കൂടുതൽ വ്യക്തികൾ ഇൻഫാം എന്ന സംഘടനയിൽ അംഗത്വം സ്വീകരിച്ചു. മഹത്തായ വളർച്ചയിൽ വലിയ പങ്കുവഹിച്ചത്. പ്രദേശിക കാർഷിക പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിയുള്ള അവബോധ ക്ലാസുകൾ, കുടുംബകൃഷി പ്രോത്സാഹന പരിപാടികൾ, ജൈവകൃഷി പരിശീലനങ്ങൾ തുടങ്ങിയ ഇടപെടലുകൾ അവിടുത്തെ കർഷക കുടുംബങ്ങളെ കൂടുതൽ സജീവമായി ഇൻഫാം പ്രവർത്തനങ്ങളിലേക്ക് ആകർഷിച്ചത്.

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, ഇൻഫാം,

# സെന്റ് അൽഫോൻസ ടൂർസ് - പിൽഗ്രിമേജ്സ്

യാത്രകൾ നമുക്കേറെ പ്രിയപ്പെട്ടതാണ്. സന്തോഷം നൽകുന്ന ഉല്ലാസയാത്രകളും, വിശ്വാസത്തെ പരിപോഷിപ്പിക്കുന്ന തീർഥാടന യാത്രകളും എപ്പോഴും നമ്മിൽ ആവേശം നിറയ്ക്കും. ഈ ആവശ്യകത മനസിലാക്കി ഏറ്റവും സുരക്ഷിതവും മികവുറ്റതുമായ രീതിയിൽ തീർഥാടന യാത്രകൾ സംഘടിപ്പിക്കുന്നതിനായി താമരശ്ശേരി രൂപതയുടെ നേതൃത്വത്തിൽ സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ് എന്ന വിഭാഗം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

യേശു ജനിച്ചു ജീവിച്ച ജോർദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത് എന്നീ നാല് രാജ്യങ്ങളിലൂടെയുള്ള യാത്ര എല്ലാ വർഷവും ഏപ്രിൽ, മെയ്, ഒക്ടോബർ മാസങ്ങളിൽ സംഘടിപ്പിക്കുന്നു. സഭ ലോകമെമ്പാടും പടർന്നു പന്തലിച്ച

യൂറോപ്പിലുടെയുള്ള യാത്ര ഏറെ ഹൃദ്യമാണ്. അംബരചുംബികളായ ദൈവാലയങ്ങളും വിശുദ്ധരുടെ സ്ഥലങ്ങളും നമ്മുടെ ആത്മീയതയെ പരിപോഷിപ്പിക്കാൻ സഹായിക്കുന്നു. കൂടാതെ വിശുദ്ധ പൗലോസ് ശ്ലീഹ സുവിശേഷം പ്രസംഗിച്ച ഗ്രീക്ക്, തുർക്കി എന്നിവിടങ്ങളിലേക്കുള്ള യാത്രകളും സംഘടിപ്പിക്കുന്നുണ്ട്. സെന്റ് ഫ്രാൻസീസ് സേവ്യറുടെ പൂജ്യശരീരം ദർശിക്കാൻ സാധിക്കുന്ന ഗോവയിലേക്കുള്ള യാത്രയും ആത്മീയ യാത്രയ്ക്ക് മുതൽക്കൂട്ടാകുന്നു. തീർഥാടന യാത്രകൾക്ക് പുറമേ ഡൽഹി – ആഗ്ര – അമൃത്സർ യാത്ര, ദുബായ് യാത്ര, സിംഗപ്പൂർ - മലേഷ്യ യാത്ര, വിയറ്റ്നാം യാത്ര എന്നീ യാത്രകളും സംഘടിപ്പി ക്കുന്നു.

എല്ലാ യാത്രകളിലും വൈദികരുടെ നേതൃത്വം ഉണ്ടായിരിക്കും. സമർഥരായ ടൂർ മാനേജർമാരും, പരിചയസമ്പന്നരായ ടൂർ ഗൈഡുകളും യാത്രയിലുടനീളം ഉണ്ടാകുന്നതാണ്. യാത്രയ്ക്ക് വരുന്നവരെ ഒരുമിച്ചുചേർത്ത് വാട്സാപ്പ് ഗ്രൂപ്പ് രൂപീകരിക്കുകയും കൃത്യമായ വിവരങ്ങൾ അറിയിക്കുകയും ചെയ്യുന്നു.

*2026 ജനുവരി 23ന് ഗോവ യാത്രയും, ഏപ്രിൽ 13ന് വിശുദ്ധനാട് യാത്രയും നടത്തപ്പെടുന്നു. ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. യാത്രകളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ യാത്രയുടെ പേര്, വ്യക്തിയുടെ പേര്, വീട്ടുപേര്, സ്ഥലം, വാട്സ്ആപ്പ് നമ്പർ എന്നിവ താഴെ കൊടുത്തിരിക്കുന്ന നമ്പറിലേക്ക് അയച്ച് ബുക്ക് ചെയ്യുക. PH:9846938363 (സെന്റ് അൽഫോൻസ ടൂർസ് & പിൽഗ്രിമേജ്സ്) താമരശ്ശേരി.*

**ഫാ. ജോർജ് മുണ്ടനാട്ട്**
ഡയറക്ടർ, സെന്റ് അൽഫോൻസ ടൂർസ്-പിൽഗ്രിമേജ്സ്

## കരുണാഭവൻ

സകല മരിച്ചവരുടെയും ഓർമ്മ ആചരിച്ചു പ്രാർഥിച്ചു. നാല് പുതിയ അന്തേവാസികൾ കൂടി എത്തിചേർന്നു. ഇടവകകളിൽ നിന്നും മതാധ്യാപകരും കുട്ടികളും സംഘടനക്കാരും കരുണാഭവൻ സന്ദർശിച്ച് സഹായിച്ചു.

**ഫാ. സൈമൺ കിഴക്കേകുന്നേൽ**
ഡയറക്ടർ, കരുണാഭവൻ

# യേശുനിധി

2025 ഒക്ടോബർ മാസത്തിൽ യേശുനിധിയിൽ നിന്ന് വിവിധ ആവശ്യങ്ങൾക്കായി നല്കിയ തുകയും ഇടവകയും താഴെ ചേർക്കുന്നു.

**Education**

| | | |
|---|---|---|
| 1 | Chakkittappara | 15,000.00 |
| 2 | Chakkittappara | 15,000.00 |
| 3 | Kalkundu | 10,000.00 |
| 4 | Kodanchery | 8,000.00 |
| 5 | Koodaranji | 15,000.00 |
| 6 | Manjakunnu | 15,000.00 |
| 7 | Manjakunnu | 10,000.00 |
| 8 | Pulloorampara | 20,000.00 |
| 9 | Pushpagiri | 15,000.00 |
| 10 | Thekkumkutty | 8,000.00 |

**Home**

| | | |
|---|---|---|
| 11 | Devagiri | 15,000.00 |
| 12 | Poozhithode | 15,000.00 |
| 13 | Venappara | 15,000.00 |
| 14 | Vilangad | 15,000.00 |

**Marriage**

| | | |
|---|---|---|
| 15 | Paropady | 15,000.00 |
| 16 | Puthuppady | 20,000.00 |

**Medical**

| | | |
|---|---|---|
| 17 | Abhayagiri | 12,000.00 |
| 18 | Kodanchery | 12,000.00 |
| 19 | Kuppayakode | 15,000.00 |
| 20 | Kuppayakode | 10,000.00 |
| 21 | Mailellampara | 12,000.00 |
| 22 | Mankada | 20,000.00 |
| 23 | Mukkam | 12,000.00 |
| 24 | Muthukad | 10,000.00 |
| 25 | Muthukad | 15,000.00 |
| 26 | Thamarassery | 15,000.00 |
| 27 | Venappara | 12,000.00 |
| 28 | Vettilappara | 10,000.00 |
| 29 | Vettilappara | 8,000.00 |
| 30 | Vettilappara | 15,000.00 |

**Miscellaneous**

| | | |
|---|---|---|
| 31 | Anackampoil | 15,000.00 |
| | **Total** | **4,19,000.00** |

**ഫാ. ജോർജ് മുണ്ടനാട്ട്**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

## നവംബർ

1-11 ആസ്ട്രേലിയയിൽ സേവനം ചെയ്യുന്ന താമരശ്ശേരി രൂപതാംഗ ങ്ങളായ വൈദികരെ സന്ദർശിച്ചു.

12 ഹോസ്പിറ്റലിൽ രോഗിയായി കഴിയുന്ന സി. സെറാഫിയ സി.എം.സിയെ സന്ദർശിച്ചു.

13 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ പരേതനായ വെട്ടത്ത് തോമസിന്റെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും ശ്രാദ്ധകർമ്മങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

പാറോപ്പടി, ഇടവകയിൽ വിമലമേരി മിഷനറി സന്യാസിനി സമൂഹത്തിലെ ഏതാനും അർഥിനികളുടെ പ്രഥമവ്രത വാഗ്ദാനത്തിനും സഭാവസ്ത്രസ്വീകരണത്തിനും മുഖ്യ കാർമ്മികത്വം വഹിച്ചു.

ഉച്ചകഴിഞ്ഞ്, തിരുവമ്പാടി ഇടവക ദൈവാലയത്തിൽ, പരേതയായ കർമ്മലീത്ത സന്യാസിനീസമൂഹാംഗം സി. സെറാഫിയ സി.എം.സി.യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

വൈകുന്നേരം, താമരശ്ശേരി സെന്റ് അൽഫോൻസ മൈനർ സെമിനാരിയിലെ ഹോം ഡേയോടനുബന്ധിച്ച് നടന്ന ആഘോഷങ്ങളിൽ പങ്കെടുക്കുകയും വിവിധ സമ്മാനങ്ങൾ കരസ്ഥമാക്കിയ വൈദിക വിദ്യാർഥികൾക്ക് സമ്മാനം വിതരണം ചെയ്യുകയും ചെയ്തു.

14 രാവിലെ, ഈങ്ങാപ്പുഴ വിൻസെൻഷ്യൻ ജൂബിലി ധ്യാന കേന്ദ്രത്തിൽ നടന്ന കൺവെൻഷനിൽ പങ്കെടുത്തവർക്കു വേണ്ടി വി. കുർബാനയർപ്പിക്കുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

15 രാവിലെ, പൊൻമുടി സെന്റ് അഗസ്റ്റിൻ ഇടവകയിൽ മേമന - ഇഞ്ചനാനി കുടുംബയോഗത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിക്കുകയും തുടർന്നുള്ള സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

16 രാവിലെ, കൂടരഞ്ഞി സെന്റ് സെബാസ്റ്റ്യൻസ് ഓഡിറ്റോറിയ ത്തിൽ പ്രഭാകരൻ വൈദ്യരുടെ 1-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടന്ന അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം, നെന്മേനി ഇടവകയിൽ, ഇടവകദിനത്തോടനുബന്ധിച്ച് റാസ കുർബാന അർപ്പിച്ചു.

17 രാവിലെ, വിളക്കന്നൂർ ക്രിസ്തുരാജ ഇടവകയിൽ ദിവ്യകാരുണ്യ അത്ഭുത വാർഷികത്തോടും ക്രിസ്തുവിന്റെ രാജ്യത്വതിരുനാളിന്റെ ശതാബ്ദി ആഘോഷത്തോടുനു ബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, കോരങ്ങാട് എസ്.എം.എം.ഐ. സന്യാസിനി സമൂഹത്തിലെ നോവിസ് ഡേയിൽ സംഘടിപ്പിച്ച ആഘോഷ ങ്ങളിൽ പങ്കെടുത്തു.

18 രാവിലെ, പുഷ്പഗിരി ഇടവകയിൽ, പരേതനായ കൂമ്പാറ ബേബിയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാന യർപ്പിക്കുകയും അനുസ്മരണ ശുശ്രൂഷകൾക്ക് നേതൃത്വം നൽകുകയും ചെയ്തു.

ഉച്ചയ്ക്ക്, സെന്റ് അലോഷ്യസ് സന്യാസിനി സമൂഹ സുപ്പീരിയർ ജനറാൾ ബഹു. സി. മേഴ്സി ജോസഫിനെയും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. മേഴ്സി മാത്യുവിനെയും രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, വിലങ്ങാട് ഫൊറോനയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മീറ്റിങ്ങ് ഉദ്ഘാടനം ചെയ്ത് ക്ലാസ്സെടുത്തു.

19 രാവിലെ, പടത്തുകടവ് ഇടവകയിൽ നവീകരിച്ച മദ്ബഹാ വെഞ്ചരിച്ച് വി. കുർബാനയർപ്പിച്ചു.

വൈകുന്നേരം, തോട്ടുമുക്കം ഇടവകയിൽ ഫൊറോനയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ മീറ്റിങ്ങിൽ സംബന്ധിച്ചു.

വെറ്റിലപ്പാറ ഇടവകയിൽ മതാധ്യാപകരുടെ തുടർപരിശീലന പരിപാടിയായ പവർസെല്ലിൽ സംബന്ധിച്ചവർക്ക് വേണ്ടി ക്ലാസ്സെടുത്തു.

20 രാവിലെ, മലാപറമ്പ് ഇടവകയിലെ ഒരു കുടുംബത്തിലെ നാലാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

ഇരിങ്ങാലക്കുട രൂപതാധ്യക്ഷൻ അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവിനെയും സംഘത്തെയും രൂപതാഭവനിൽ സ്വീകരിക്കു കയും ഇരിങ്ങാലക്കുട രൂപതയുടെ നേതൃത്വത്തിൽ ദുരിത ബാധിതർക്കായി മരുതോങ്കര, വിലങ്ങാട് ഇടവകകളിൽ നിർമ്മിച്ച എതാനും വീടുകൾ വെഞ്ചരിക്കുകയും ചെയ്തു.

വൈകുന്നേരം, ചിപ്പിലിത്തോട് ഫിലിപ്പ് നേരി നൊവിഷ്യേറ്റ് ഭവനത്തിലെ അർഥിനികൾക്കായി ക്ലാസ്സെടുത്തു.

21 രാവിലെ, കോഴിക്കോട് പ്രസന്റേഷൻ സന്യാസിനി സമൂഹ പ്രവിശ്യാഭവൻ കപ്പേളയിൽ പരി. അമ്മയുടെ ദൈവാലയ സമർപ്പണതിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

സനാതന മേജർ സെമിനാരിയിൽ നിന്നും ഈ വർഷം പൗരോഹിത്യം സ്വീകരിക്കുന്ന ഡീക്കന്മാരെ രൂപതാഭവനിൽ സ്വീകരിച്ചു.

വൈകുന്നേരം, ബഥാനിയായിൽ ധ്യാനത്തിൽ സംബന്ധിച്ച മൈനർ സെമിനാരി വിദ്യാർഥികൾക്കായി വി. കുർബാന അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

22 രാവിലെ, മൈലെള്ളാംപാറ ഇടവകയിലെ ഒരു കുടുംബത്തിലെ അഞ്ചാമത്തെ കുഞ്ഞിന് പ്രാരംഭ കൂദാശകൾ നല്കി.

കോഴിക്കോട് ടൗൺ ഹാളിൽ വച്ച് താമരശ്ശേരി രൂപതയുടെ റൂബി ജൂബിലി വർഷത്തിൽ മലബാർ കുടിയേറ്റ ശതാബ്ദി ആഘോഷ പൊതുസമ്മേളനത്തിന് അധ്യക്ഷത വഹിച്ചു.

വൈകുന്നേരം, കോഴിക്കോട് സെന്റ് ജോസഫ്സ് കത്തീഡ്രൽ പള്ളിയങ്കണത്തിൽ നടന്ന സിറ്റി കൺവെൻഷനോടനുബ ന്ധിച്ച് വി. കുർബാനയർപ്പിച്ചു.

23 ചാപ്പൻതോട്ടം ഇടവകയിൽ അജപാലനസന്ദർശനം നടത്തി

24 രാവിലെ, വെറ്റിലപ്പാറ ഇടവകയിൽ ഒരു വിവാഹം ആശിർവദിച്ചു.

24-26 താമരശ്ശേരി രൂപതയിലെ വൈദികരോടൊപ്പം വേളാങ്കണ്ണി തീർഥാടനത്തിൽ പങ്കെടുത്തു.

27 വൈകുന്നേരം, വിലങ്ങാട് ഇടവകയിൽ ദുരിതബാധിതർക്കായി നിർമ്മാണം പൂർത്തിയായ ഒരു ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം, താമരശ്ശേരി ചാവറ ഹോസ്പിറ്റൽ കപ്പേളയിൽ വി. കുർബാനയർപ്പിച്ചു.

# വിഷയവിവരം

## താമരമൊട്ടുകൾ വാല്യം 27, 2025


**1. മംഗളാശംസകൾ**

| | | |
|---|---|---|
| പുതുവത്സരാശംസകൾ | 1 | 1 |
| അഭിനന്ദനങ്ങൾ, പ്രാർഥനകൾ | 1 | 1 |
| നവവൈദികർക്ക് പ്രാർഥനാമംഗളങ്ങൾ | 2 | 73 |
| പ്രർഥനാശംസംകൾ-അഭിവന്ദ്യ വർഗീസ് ചക്കാലക്കൽ പിതാവിന് | 5 | 301 |
| പ്രാർഥനാശംസകൾ - മോൺ. ഫെബിൻ സെബാസ്റ്റ്യൻ | 6 | 361 |
| മാർ റെമീജിയോസ് ഇഞ്ചനാനിയിൽ - ജന്മദിനാശംസകൾ | 7 | 441 |
| മാർ റെമീജിയോസ് ഇഞ്ചനാനിയിൽ - തിരുനാളാശംസകൾ | 10 | 683 |
| പ്രാർഥനാശംസകൾ - മോൺ. ജെയിംസ് പട്ടേരിൽ | 10 | 684 |
| അഭിനന്ദനങ്ങളും പ്രാർഥനകളും | 11 | 778 |
| ജൂബിലി നിറവിൽ | 11 | 779 |
| നവസന്യാസിനിമാർക്ക് പ്രാർഥനാമംഗളങ്ങൾ | 12 | 843 |

**2. ജന്മദിന ആശംസകൾ**

| | | |
|---|---|---|
| ,, | 1 | 3 |
| ,, | 2 | 75 |
| ,, | 3 | 147 |
| ,, | 4 | 227 |
| ,, | 5 | 303 |
| ,, | 6 | 363 |
| ,, | 7 | 443 |
| ,, | 8 | 523 |
| ,, | 9 | 619 |
| ,, | 10 | 686 |
| ,, | 11 | 782 |
| ,, | 12 | 846 |

**3. നാമഹേതുകതിരുനാൾ ആശംസകൾ**

| | | |
|---|---|---|
| ,, | 1 | 4 |
| ,, | 3 | 148 |
| ,, | 4 | 228 |
| ,, | 5 | 303 |
| ,, | 6 | 364 |
| ,, | 7 | 444 |
| ,, | 8 | 524 |
| ,, | 9 | 620 |
| ,, | 10 | 687 |

| | | | |
|---|---|---|---|
| | ,, | 11 | 782 |
| | ,, | 12 | 846 |
| **4.** | **സർക്കുലറുകൾ** | | |
| | ലോകസമാധാനദിന സന്ദേശം - മാർപാപ്പയുടെ സന്ദേശം | 1 | 6 |
| | പ്രവാസി അപ്പസ്തോലേറ്റ് 14/2024 | 1 | 14 |
| | 2025 സഭയുടെ സാധാരണ ജൂബിലി 15/2024 | 1 | 20 |
| | തിരുബാലസഖ്യദിനം | 2 | 77 |
| | കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും പാരിഷ് പാരിഷ് കൗൺസിൽ രൂപീകരണവും (2025-2028) 01/2025 | 2 | 82 |
| | മദ്യവിരുദ്ധ സമിതി സംസ്ഥാന സമ്മേളനം - സർക്കുലർ | 2 | 87 |
| | സിനഡനന്തര സർക്കുലർ - മാർ റാഫേൽ തട്ടിൽ | 2 | 89 |
| | ദൈവവിളി 03/2025 | 3 | 159 |
| | മദ്യ-ലഹരിവിരുദ്ധ ഞായർ | 3 | 164 |
| | ലോക രോഗീദിനസന്ദേശം - മാർപ്പാപ്പയുടെ സന്ദേശം | 3 | 168 |
| | വിലങ്ങാട് പുനരധിവാസം 02/2025 | 3 | 173 |
| | യേശുനിധി 07/2025 | 4 | 230 |
| | ക്രൈസ്തവ സമുദായ അവകാശ പ്രഖ്യാപന റാലിയും പൊതുസമ്മേളനവും 04/2025 | 4 | 234 |
| | കുഞ്ഞിന് ഒരു കൈത്താങ്ങ് 05/2025 | 4 | 241 |
| | ഫ്രാൻസിസ് പാപ്പയുടെ നോമ്പുകാല സന്ദേശം -2025 | 4 | 244 |
| | ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനാദിനത്തിൽ ഫ്രാൻസിസ് പാപ്പയുടെ സന്ദേശം | 5 | 305 |
| | കുളത്തുവയൽ തീർഥാടനം 06/2025 | 5 | 312 |
| | വിശ്വാസപരിശീലന വർഷാരംഭം 11/2025 | 6 | 366 |
| | കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത് 12/2025 | 6 | 372 |
| | മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി അനുസ്മരണം 13/2025 | 6 | 377 |
| | റൂബി ജൂബിലി ഉദ്ഘാടനം 08/2025 | 6 | 379 |
| | റൂബി ജൂബിലി പരിസ്ഥിതി മാസാചരണം 09/2025 | 6 | 386 |
| | പന്തക്കുസ്ത തിരുനാൾ 10/2025 | 6 | 390 |
| | പരിഷ്ക്കരിച്ച പി.ഒ.സി. ബൈബിൾ - കെ.സി.ബി.സി. സർക്കുലർ | 7 | 453 |
| | യുവജനദിനം | 7 | 455 |
| | അന്തർദേശീയ മയക്കുമരുന്ന് വിരുദ്ധ ദിനാചരണം | 7 | 461 |
| | സമ്പർക്ക ദിനത്തോടനുബന്ധിച്ച് - ഫ്രാൻസിസ് പാപ്പ | 7 | 465 |
| | തടവറ പ്രേഷിതദിനം | 8 | 526 |
| | കർഷകദിനം - കെ.സി.ബി.സി. സർക്കുലർ | 8 | 533 |
| | ജസ്റ്റിസ് സൺഡേ | 8 | 540 |
| | മാർ പോൾ ചിറ്റിലപ്പിള്ളി പിതാവിന്റെ ചരമവാർഷികം 20/2025 | 8 | 544 |
| | ദൈവദികദിനം - വൈദിക ക്ഷേമനിധി 19/2025 | 8 | 546 |

| | | | |
|---|---|---|---|
| | റൂബി ജൂബിലി - വിശ്വാസ പരിപോഷണമാസം 18/2025 | 8 | 550 |
| | അൽഫോൻസ തീർത്ഥാടനം 17/2025 | 8 | 553 |
| | അഖണ്ഡ ജപമാല സമർപ്പണം 16/2025 | 8 | 555 |
| | വൈദികരുടെ വാർഷികധ്യാനം 15/2025 | 8 | 559 |
| | ഒക്ടോബർ മാസം -ജപമാലഭക്തി 22/2025 | 9 | 622 |
| | സർക്കാർ സർവീസുകളിലേയ്ക്ക് പരിശീലനം 21/2025 | 9 | 631 |
| | സമുദായ ശക്തീകരണവർഷം 2026 - മാർ റാഫേൽ തട്ടിൽ | 10 | 689 |
| | 2025 മഹാജൂബിലി സമാപന സമ്മേളനം - കെ.സി.ബി.സി. | 10 | 696 |
| | പ്രേഷിതദിനം - ഫ്രാൻസിസ് പാപ്പയുടെ സന്ദേശം | 10 | 700 |
| | സിനഡനന്തര സർക്കുലർ | 10 | 710 |
| | റൂബി ജൂബിലി ഒക്ടോബർ മാസം -മിഷൻലീഗ് 23/2025 | 10 | 718 |
| | മാർ ജേക്കബ് തൂങ്കുഴി പിതാവിന് ആദരാഞ്ജലികൾ | 10 | 721 |
| | അവകാശ സംരക്ഷണ യാത്ര 25/2025 | 11 | 784 |
| | സർക്കുലർ - കെ.സി.ബി.സി. | 12 | 848 |
| | സർക്കുലർ 27/2025 - ക്രിസ്തുമസ് | 12 | 853 |
| | മരിയഭക്തിക്കൊരു മാരഗരേഖ | 12 | 858 |
| | റൂബിജൂബിലി - നവംബർ മാസം | 12 | 862 |
| **5.** | **ഇടയലേഖനങ്ങൾ** | | |
| | നോമ്പുകാലം 01/2025 | 3 | 150 |
| | ഇടയലേഖനം-ദുക്റാനതിരുനാൾ സഭാദിനം-മാർ റാഫേൽ തട്ടിൽ | 7 | 447 |
| **6.** | **ഹൃദയപൂർവം** | | |
| | കുട്ടികൾക്ക് അഭിവന്ദ്യ പിതാവിന്റെ കത്ത് 03/2025 | 8 | 562 |
| | കുട്ടികൾക്ക് അഭിവന്ദ്യ പിതാവിന്റെ കത്ത് 04/2025 | 9 | 626 |
| | കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത് 05/2025 | 10 | 724 |
| | കുട്ടികൾക്കായി അഭിവന്ദ്യ പിതാവിന്റെ കത്ത് 06/2025 | 11 | 790 |
| **7.** | **പ്രോഗ്രാം** | | |
| | ജനുവരി | 1 | 5 |
| | ഫെബ്രുവരി | 2 | 76 |
| | മാർച്ച് | 3 | 149 |
| | ഏപ്രിൽ | 4 | 229 |
| | മെയ് | 5 | 304 |
| | ജൂൺ | 6 | 365 |
| | ജൂലൈ | 7 | 446 |
| | ആഗസ്റ്റ് | 8 | 525 |
| | സെപ്റ്റംബർ | 9 | 621 |
| | ഒക്ടോബർ | 10 | 688 |
| | നവംബർ | 11 | 783 |
| | ഡിസംബർ | 12 | 847 |

| | | | |
|---|---|---|---|
| 8. | കച്ചേരിക്കാര്യം | | |
| | ,, | 1 | 23 |
| | ,, | 2 | 94 |
| | ,, | 3 | 175 |
| | ,, | 4 | 249 |
| | ,, | 5 | 315 |
| | ,, | 6 | 392 |
| | ,, | 7 | 473 |
| | ,, | 8 | 566 |
| | ,, | 9 | 634 |
| | ,, | 10 | 728 |
| | ,, | 11 | 794 |
| | ,, | 12 | 867 |
| 9. | പൊതു അറിയിപ്പുകൾ | | |
| | നാൽപതു മണി ആരാധന | 3 | 179 |
| | ,, | 5 | 320 |
| | മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഫോട്ടോഗ്രാഫേഴ്സ്/ വീഡിയോഗ്രാഫേഴ്സിന് നൽകുന്ന നിർദ്ദേശങ്ങൾ | 11 | 788 |
| 10. | ആദരാഞ്ജലികൾ | | |
| | വൈദികർ | | |
| | ഫാ. എഫ്രേം പൊട്ടനാനിക്കൽ | 1 | 28 |
| | ഫാ. മാത്യു പുള്ളോലിക്കൽ | 6 | 396 |
| | സിസ്റ്റേഴ്സ് | | |
| | സി. മേരി തെക്കേൽ എസ്. എച്ച്. | 3 | 180 |
| | സി. ആലീസ് അഗസ്റ്റിൻ പാലക്കൽ എസ്.കെ.ഡി. | 5 | 321 |
| | സി. മേരി ജിൽസ് കിഴക്കേൽ എസ്.എ.ബി.എസ് | 5 | 321 |
| | സി. ജെമ്മ എം.എസ്. ജെ. | 7 | 478 |
| | സി. സി. റെജീസ് മേരി സി.എം.സി. | 9 | 638 |
| | സി. ജോസി എം.എസ്.ജെ. | 9 | 639 |
| | സി. എമ്മ എം.എസ്.ജെ. | 9 | 640 |
| | സി. ആനി ജോസ് എഫ്.സി.സി. | 11 | 798 |
| | സി. സെറാഫിയ സി.എം.സി. | 12 | 871 |
| 11. | റിപ്പോർട്ടുകൾ | | |
| | പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് | 8 | 571 |
| | പ്രസ്ബിറ്ററൽ കൗൺസിൽ റിപ്പോർട്ട് | 11 | 799 |
| 12. | റൂബി ജൂബിലി | | |
| | റൂബി ജൂബിലി കർമ്മപദ്ധതികൾ | 6 | 399 |
| | ,, | 7 | 497 |
| | ഡിജിറ്റലൈസേഷൻ | 7 | 481 |

| | | |
|---|---|---|
| **13. സെമിനാരി വാർത്തകൾ** | | |
| ,, | 1 | 38 |
| ,, | 2 | 104 |
| ,, | 3 | 189 |
| ,, | 4 | 265 |
| ,, | 5 | 328 |
| ,, | 6 | 408 |
| ,, | 7 | 494 |
| ,, | 8 | 583 |
| ,, | 9 | 653 |
| ,, | 10 | 738 |
| ,, | 11 | 815 |
| ,, | 12 | 880 |
| **14. വെക്കേഷൻ ബ്യൂറോ** | 2 | 103 |
| ,, | 3 | 187 |
| ,, | 4 | 261 |
| ,, | 5 | 329 |
| ,, | 6 | 407 |
| **15. മദ്ബഹ ശുശ്രൂഷ സംഘം (SMART)** | 1 | 36 |
| ,, | 2 | 102 |
| ,, | 3 | 186 |
| ,, | 4 | 260 |
| ,, | 5 | 326 |
| ,, | 6 | 406 |
| ,, | 7 | 492 |
| ,, | 8 | 590 |
| ,, | 9 | 653 |
| ,, | 10 | 737 |
| ,, | 11 | 816 |
| ,, | 12 | 879 |
| **16. വിശ്വാസപരിശീലനം** | | |
| ,, | 1 | 31 |
| ,, | 2 | 97 |
| ,, | 3 | 181 |
| ,, | 4 | 254 |
| ,, | 5 | 322 |
| ,, | 6 | 402 |
| ,, | 7 | 486 |

| | | |
|---|---|---|
| ,, | 8 | 576 |
| ,, | 9 | 641 |
| ,, | 10 | 732 |
| ,, | 11 | 806 |
| ,, | 12 | 872 |
| **17. ചെറുപുഷ്പ മിഷൻലീഗ്** | | |
| ,, | 1 | 35 |
| ,, | 2 | 105 |
| ,, | 3 | 190 |
| ,, | 4 | 265 |
| ,, | 5 | 344 |
| ,, | 6 | 411 |
| ,, | 7 | 495 |
| ,, | 8 | 585 |
| ,, | 9 | 64 |
| ,, | 10 | 739 |
| ,, | 11 | 812 |
| ,, | 12 | 877 |
| | | |
| **18. തിരുബാലസഖ്യം** | | |
| ,, | 1 | 44 |
| **19. കെ.സി.വൈ.എം. – എസ്.എം.വൈ.എം.** | | |
| ,, | 2 | 116 |
| ,, | 3 | 203 |
| ,, | 4 | 273 |
| ,, | 5 | 337 |
| ,, | 6 | 417 |
| ,, | 7 | 500 |
| ,, | 9 | 650 |
| ,, | 10 | 742 |
| ,, | 11 | 810 |
| ,, | 12 | 881 |
| **20. ബൈബിൾ അപ്പോസ്തോലേറ്റ്** | | |
| ,, | 5 | 330 |
| ,, | 6 | 410 |
| ,, | 11 | 819 |
| ,, | 12 | 876 |
| **21. ഫാമിലി അപ്പോസ്തോലേറ്റ്** | | |
| ,, | 4 | 280 |

| | | |
|---|---|---|
| ,, | 5 | 341 |
| ,, | 6 | 419 |
| ,, | 7 | 485 |
| **22. പി.എം.ഒ.സി.** | | |
| ,, | 7 | 493 |
| **23. കുടുംബകൂട്ടായ്മ** | | |
| ,, | 11 | 811 |
| ,, | 12 | 885 |
| **24. മരിയൻ പ്രോ–ലൈഫ് മൂവ്മെന്റ്** | | |
| ,, | 1 | 50 |
| ,, | 2 | 122 |
| ,, | 3 | 209 |
| ,, | 4 | 281 |
| ,, | 5 | 342 |
| ,, | 6 | 429 |
| ,, | 8 | 608 |
| ,, | 9 | 666 |
| ,, | 10 | 750 |
| ,, | 11 | 823 |
| **25. ജീസസ് ഫ്രട്ടേണിറ്റി** | | |
| ,, | 6 | 428 |
| ,, | 10 | 753 |
| ,, | 12 | 890 |
| **26. കത്തോലിക്കാ കോൺഗ്രസ്സ്** | | |
| ,, | 3 | 205 |
| ,, | 6 | 425 |
| ,, | 8 | 603 |
| ,, | 9 | 662 |
| ,, | 10 | 754 |
| **27. കരുണാഭവൻ** | | |
| ,, | 1 | 48 |
| ,, | 2 | 121 |
| ,, | 3 | 208 |
| ,, | 4 | 280 |
| ,, | 5 | 341 |
| ,, | 6 | 428 |
| ,, | 7 | 493 |
| ,, | 8 | 594 |
| ,, | 9 | 661 |

| | | |
|---|---|---|
| ,, | 10 | 752 |
| ,, | 11 | 835 |
| ,, | 12 | 902 |
| **28. കമ്യൂണിക്കേഷൻ മീഡിയ** | | |
| ,, | 1 | 53 |
| **29. ജീസസ് യൂത്ത്** | | |
| ,, | 4 | 278 |
| **30. മദ്യവിരുദ്ധസമിതി** | | |
| ,, | 1 | 49 |
| ,, | 2 | 126 |
| **31. ഇൻഫാം** | | |
| ,, | 1 | 52 |
| ,, | 2 | 124 |
| ,, | 3 | 210 |
| ,, | 5 | 344 |
| ,, | 12 | 900 |
| **32. യൂദിത്ത് ഫോറം** | | |
| ,, | 1 | 51 |
| ,, | 2 | 123 |
| ,, | 3 | 210 |
| ,, | 4 | 282 |
| ,, | 5 | 343 |
| ,, | 8 | 608 |
| ,, | 9 | 666 |
| ,, | 10 | 751 |
| **33. മാതൃവേദി** | | |
| ,, | 10 | 752 |
| ,, | 12 | 884 |
| **34. ലിറ്റർജി കമ്മീഷൻ** | | |
| ,, | 4 | 263 |
| ,, | 5 | 327 |
| **35. പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്** | | |
| ,, | 2 | 114 |
| ,, | 3 | 202 |
| ,, | 4 | 271 |
| ,, | 5 | 334 |
| ,, | 6 | 416 |
| ,, | 8 | 595 |
| ,, | 9 | 659 |

| | | |
|---|---|---|
| ,, | 10 | 746 |
| ,, | 11 | 821 |
| ,, | 12 | 891 |
| 36 പ്രവാസി അപ്പസ്തോലേറ്റ് | | |
| ,, | 11 | 822 |
| ,, | 12 | 883 |
| 37. കരിസ്മാറ്റിക് മൂവ്മെന്റ് | | |
| ,, | 1 | 54 |
| ,, | 4 | 274 |
| ,, | 6 | 423 |
| ,, | 7 | 499 |
| ,, | 10 | 757 |
| ,, | 11 | 820 |
| | | |
| 38. ക്രിസ്റ്റീൻ മിനിസ്ട്രി | | |
| ,, | 4 | 279 |
| ,, | 6 | 424 |
| 39. സ്റ്റാർട്ട് | | |
| ,, | 1 | 45 |
| ,, | 2 | 109 |
| ,, | 3 | 196 |
| ,, | 4 | 268 |
| ,, | 6 | 412 |
| ,, | 7 | 503 |
| ,, | 8 | 591 |
| ,, | 9 | 660 |
| ,, | 10 | 747 |
| ,, | 11 | 818 |
| ,, | 12 | 888 |
| 40. എയ്ഡർ എഡ്യൂക്കെയർ | | |
| ,, | 1 | 47 |
| ,, | 7 | 483 |
| ,, | 8 | 581 |
| ,, | 9 | 654 |
| ,, | 10 | 744 |
| ,, | 11 | 817 |
| 41. ബഥാനിയ വാർത്തകൾ | | |
| ,, | 1 | 56 |
| ,, | 2 | 127 |

| | | |
|---|---|---|
| ,, | 3 | 212 |
| ,, | 4 | 283 |
| ,, | 5 | 345 |
| ,, | 6 | 431 |
| ,, | 7 | 506 |
| ,, | 8 | 597 |
| ,, | 9 | 669 |
| ,, | 10 | 760 |
| ,, | 11 | 833 |
| ,, | 12 | 886 |
| **42. അൽഫോൻസ കോളേജ്** | | |
| ,, | 2 | 112 |
| ,, | 3 | 201 |
| **43. വിദ്യാഭ്യാസം** | | |
| ,, | 2 | 107 |
| ,, | 3 | 192 |
| ,, | 4 | 287 |
| ,, | 6 | 420 |
| ,, | 9 | 657 |
| ,, | 10 | 748 |
| **44. വികസനവേദി** | | |
| ,, | 1 | 63 |
| ,, | 2 | 131 |
| ,, | 3 | 216 |
| ,, | 4 | 287 |
| ,, | 5 | 351 |
| ,, | 6 | 433 |
| ,, | 7 | 508 |
| ,, | 8 | 600 |
| ,, | 9 | 671 |
| ,, | 10 | 764 |
| ,, | 11 | 824 |
| ,, | 12 | 892 |
| **45. ലീഡർഷിപ്പ് ഡെവലപ്പിംഗ് സൊസൈറ്റി (എൽ.ഡി.എസ്)** | | |
| ,, | 1 | 59 |
| ,, | 2 | 129 |
| ,, | 3 | 214 |
| ,, | 4 | 286 |
| ,, | 5 | 348 |

| | | |
|---|---|---|
| ,, | 6 | 434 |
| ,, | 7 | 511 |
| ,, | 8 | 601 |
| ,, | 9 | 673 |
| ,, | 10 | 766 |
| ,, | 11 | 829 |
| ,, | 12 | 897 |
| 46. സെന്റ് അൽഫോൻസ ടൂർസ് – പിൽഗ്രീമേജ്സ് | 12 | 901 |
| 47. യേശുനിധി | | |
| ,, | 1 | 65 |
| ,, | 2 | 137 |
| ,, | 3 | 219 |
| ,, | 4 | 293 |
| ,, | 5 | 353 |
| ,, | 6 | 438 |
| ,, | 7 | 514 |
| ,, | 8 | 610 |
| ,, | 9 | 677 |
| ,, | 10 | 770 |
| ,, | 11 | 836 |
| ,, | 12 | 903 |
| 48. അജപാലനക്കുറിപ്പുകൾ | | |
| ,, | 1 | 66 |
| ,, | 2 | 138 |
| ,, | 3 | 220 |
| ,, | 4 | 294 |
| ,, | 5 | 354 |
| ,, | 6 | 439 |
| ,, | 7 | 515 |
| ,, | 8 | 611 |
| ,, | 9 | 678 |
| ,, | 10 | 772 |
| ,, | 11 | 836 |
| ,, | 12 | 904 |



# POPE LEO XIV in Turkey

## LET US BUILD BRIDGES OF FRATERNITY AND PEACE



Pope Leo XIV landed in Ankara only a few days ago, stepping onto Turkish soil and kicking off the first leg of his first Apostolic Journey, taking place from November 27 to December 3.

The journey will take him from Istanbul to Iznik, where the Church marks the 1,700th anniversary of the First Ecumenical Council of Nicaea, and then, on Sunday, November 30, the Holy Father will travel to Lebanon.

**“A land that beckons humanity to fraternity”**

Addressing Turkish President Recep Tayyip Erdogan, Pope Leo expressed gratitude for the warm welcome extended to him. He spoke of Türkiye as a land “inextricably linked to the origins of Christianity,” yet also one that calls together all children of Abraham—Muslims, Christians, and Jews—to recognize difference not as division, but as a pathway to fraternity.

The Pope reflected on the natural beauty and rich cultural diversity of the country, describing them as reminders that human civilization flourishes where generations, ideas, and traditions meet.

Such diversity, he stressed, is not a threat but a safeguard of social vitality. “Uniformity would be an impoverishment,” he said, insisting that bridges—real and symbolic—are what sustain a truly civil society.

**Bridge as a symbol of Türkiye’s vocation**

The emblem chosen for the Pope’s journey depicts the bridge over the Dardanelles Strait. It is, the Pope said, a symbol of Türkiye’s unique identity: a nation physically connecting Asia to Europe, but even more profoundly, connecting itself—from east to west, from tradition to modernity, from difference to unity.

# THAMARAMOTTUKAL

Registered with Registrar of Newspapers of India.

| RNI NO. 71212/99 | Date of Publication : 29-11-2025 |






Printed & Published by Fr. Abraham Kavilpurayidathil, on behalf of Chancellor, Diocese of Thamarassery, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral Thamarassery P.O., Kozhikode - 673 573 and published at Thamarassery. Editor : Fr. Abraham Kavilpurayidathil, Thamaramottukal Monthly, Volume 27, issue 12, December 2025, Pages 77.